# അതുകൊണ്ട്

വി. രാമചന്ദ്രൻ.

പി. എ. മത്തായി.

വില: 30. പൈസ

നിർണ്ണയം പ്രസിദ്ധീകരണം

1] "പാർട്ടിപൂജിക്കാനുള്ള വിഗ്രഹമല്ല, പ്രയോഗിക്കാനുള്ള ആയുധമാണ്"

2] "ഭാരതത്തിന്റെ പരിവർത്തനം കോൺഗ്രസ്സിലൂടെ മാത്രം"

3] "സാമ്പത്തിക സമത്വമില്ലാതെ സന്ദർഭ സമത്വമില്ല."

4] "സാമ്പത്തിക രംഗത്തെ ജനാധിപത്യമാണ് സോഷ്യലിസം"

5] "രാഷ്ട്രീയരംഗത്തെ സോഷ്യലിസമാണ് ജനാധിപത്യം"

6 "സമത്വത്തിന്റെ മണ്ണിലേ സമൃദ്ധിവിളയൂ"

7] "അദ്ധ്വാനിക്കുന്നവന്റെ അവകാശമാണ് [illegible] വൃദ്ധി"

8] "അദ്ധ്വാനംവിറ്റു ജീവിക്കുന്നവനാണ് തൊഴിലാളി സമ്പാദിക്കുന്നവനല്ല"

9] "ഒരാൾക്ക് ഒരു തൊഴിൽ എല്ലാവർക്കും തൊഴിൽ"

10] "പരിപാടിയിലുള്ള പിടിവാശിയാണ് പരിവർത്തനവാദിയുടെ പടവാൾ"

11] "അധികാരം ലക്ഷ്യമല്ല, മാർഗ്ഗമാണ്"

12] "രാഷ്ട്രീയം സമ്പാദിക്കാനല്ല, സേവനത്തിനാണ്"

13] "മതമാണ് രോഗം, വർഗ്ഗീയത രോഗലക്ഷണമാണ്"

14] "സ്ത്രീക്ക് വേണ്ടത് സമത്വമാണ്, പുരുഷമേധാവിത്വമല്ല"

15] "പഠിക്കാനാണ് കലാശാല, പഠിപ്പിക്കാനല്ല"

16] "അച്ചടക്കം അടിമത്തമല്ല"

17) "എം. എ. ജോൺ നമ്മെനയിക്കും"

# അതുകൊണ്ട്

വി. രാമചന്ദ്രൻ.    പി.എ. മത്തായി.

. വാക്കുകളൊക്കെ വെറുതെ വായുവിൽ ലയിച്ച് അവസാനിക്കുന്നവയല്ല. ചിലവ മനസ്സിൽ നിന്ന് മായാത്ത മുദ്രാവാക്യങ്ങളായിത്തീരുന്നു. ആലോചനയ്ക്ക് പ്രചോദനമായി ആചരണത്തിനു പ്രേരണയായി അത്തരം മുദ്രാവാക്യങ്ങൾ ഭൂതകാലത്തിന്റെ അനുഭവം ഉൾക്കൊണ്ടവയായിരിക്കും. വർത്തമാന കാലത്തിന്റെ ആവശ്യം അറിഞ്ഞിരിക്കും, ഭാവികാലത്തിന്റെ അഭിലാഷവും അവയിലടങ്ങിയിരിക്കും. അങ്ങിനെ അറിവും ആവേശവും പകരുന്ന മുദ്രാവാക്യങ്ങളാണ് എ. എം. ജോൺ നൽകുന്നത്. കോൺഗ്രസ്സിലെ പരിവർത്തനവാദികൾ ആ മുദ്രാവാക്യങ്ങൾ അംഗീകരിച്ചിരിക്കുന്നു.

സ്വാഭാവികമായും പരിവർത്തനത്തിന്റെ ശത്രുക്കളെ അവ അരിശം കൊള്ളിക്കുന്നുണ്ട്. ഈ ആശയങ്ങളെ അവഗണനകൊണ്ട് നേരിടാനാണ് അവർ ആദ്യം തയ്യാറായത്. അങ്ങിങ്ങായി മതിലുകളിൽ പ്രത്യക്ഷപ്പെട്ട മറ്റു ചില ചുവരെഴുത്തുകളെപ്പോലെ ഇവയും മാഞ്ഞു പോകുമെന്നവർ കരുതി. പഴയ ആശയങ്ങൾക്ക് പുതിയ ചമല്ക്കാരം പകർന്നു കൊടുത്ത് എഴുതിവച്ച മുദ്രാവാക്യങ്ങൾക്ക് അങ്ങിനെയുള്ള അന്ത്യമാണ് ഉണ്ടായിട്ടുള്ളതും. പക്ഷേ അവഗണിച്ച് തള്ളാൻ വയ്യാത്ത വിധം പരിവർത്തനവാദികളുടെ ശബ്ദം മുഴങ്ങിക്കേട്ടു. അടിച്ചമർത്താനായിരുന്നു, പിന്നെ പരിവർത്തന ശത്രുക്കളുടെ ശ്രമം. ചുവരെഴുതുന്നവരെ പോലീസിനെക്കൊണ്ട് ഭീഷണിപ്പെടുത്തിയും കൂലികൊടുത്ത് മാച്ചുകളയിച്ചും, മുദ്രാവാക്യം മുഴക്കിയവരെ ക്രൂരമായി മർദ്ദിച്ചും അടിച്ചമർത്താനുള്ള ശ്രമവും വിഫലമായി. അവഹേളനമാണ് പിന്നീടവർ കൈക്കൊണ്ട അടവ്. ‹‹മസാലദോശ തിന്നാനാണ്. അലമാരയിൽ വയ്ക്കാനല്ല,, തുടങ്ങിയ ചുവരെഴുത്തുകൾ മതിലുകളിൽ സ്ഥാനം പിടിച്ചതിങ്ങനെയാണ്. സ്വയം പരിഹാസ്യരാവുന്നതിന് മാത്രമേ ഈ വൈകൃതങ്ങൾകൊണ്ട് പരിവർത്തന ശത്രുക്കൾക്ക് സാധിച്ചുള്ളൂ. [അറിയാവുന്നതു മാത്രമല്ലേ അവർക്ക് പറയാനാവൂ.]

ആശയങ്ങളെ നേരിടേണ്ടത് ആശയം കൊണ്ട് തന്നെയാണെന്ന് അവർക്ക് മനസ്സിലായില്ല. പുത്തനായി ജനതയെ ആകർഷിക്കത്തക്ക ആശയമൊന്നും അവർക്കില്ലായിരുന്നു. അതിനാൽ ആവർത്തനം കൊണ്ട് വിരസമായി വാചകങ്ങൾ എഴുതി വച്ച് അനുകരിക്കുകയാണ് അവർ ചെയ്തത്. ഇന്ദിരാഗാന്ധിയുടെ പ്രസംഗങ്ങൾ ഉദ്ധരിച്ചവരുണ്ട്. മററു ചിലര കാറൽ മാർക്സിനെയും എംഗൽസിനെയുമാണ് ഉദ്ധരിച്ചത്. ഇന്ദിരയെ ഉദ്ധരിച്ചവർക്ക് ആശയം പ്രശ്നമായിരുന്നില്ല. അവർ നേതൃസ്ഥാനത്തെ ആരാധിക്കുന്നവരായിരുന്നു. മററവർക്ക് അറിവും അനുഷ്ഠാനവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെപ്പററി അറിഞ്ഞുകൂടായിരുന്നു. വിപ്ളവകാരി പറഞ്ഞതാവർത്തിച്ചതുകൊണ്ട് വിപ്ളവം ആയില്ലല്ലോ? മാർക്സിൻറേയോ മാവോ സേതുങ്ങിൻറേയോ ചിന്തകൾക്ക് പാഠപുസ്തകത്തിൻറെ നിർവികാരത മാത്രമേ പകർത്തിക്കൊടുക്കാൻ ഇവിടെ സാധിക്കുകയുള്ളൂ എന്ന് അവർ മനസ്സിലാക്കിയില്ല. മഹാന്മാരായ ഈ വിപ്ളവകാരികളുടെ വരികൾകൊണ്ട് മതിലുകളെ മുഴുവൻ കറുപ്പിച്ചുപോന്ന പരിവർത്തനശത്രുക്കൾ പുഞ്ചിരിക്കുകമാത്രമാണ് ചെയ്തത്. അവർക്ക് പ്രതിഷേധമോ പരിഭവമോ ഉണ്ടായില്ല. കാരണം ആരിലും പ്രതികരണമുളവാക്കാത്തവിധം അർത്ഥം വാർന്നു പോയ വാക്കുകളായി കഴിഞ്ഞിരുന്നു അവ.

മറിച്ച് പരിവർത്തനവാദികളുടെ മുദ്രാവാക്യങ്ങൾ പ്രതികാരങ്ങളുടെ നിലക്കാത്ത മുഴക്കം സൃഷ്ടിക്കുന്നു. അവശജനതയിൽ നിന്ന് തുടങ്ങി അടിച്ചമർത്താനും അവഹേളിക്കാനും അനുകരിക്കാനും നടത്തിയ ശ്രമങ്ങളെ മറികടന്ന് അംഗീകാരത്തിൻറെ അന്തസ്ഥായിയിലേക്ക് ആ മുദ്രാവാക്യങ്ങൾ എത്തിക്കഴിഞ്ഞു. എന്തുകൊണ്ടെന്നാൽ, ഈ മണ്ണിൽ നിന്നും മുളച്ച് ഇവിടത്തെ കാലാവസ്ഥയിൽ വളരാൻ പാകിയ ആശയങ്ങളുടെ വിത്തുകളാണ് അവ വിതച്ചത്. സാമൂഹ്യസാഹചര്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തി കണ്ടെത്തിയ നിഗമനങ്ങളാണ് പരിവർത്തനവാദികളുടെ മുദ്രാവാക്യങ്ങളായി രൂപം കൊണ്ടത്. അവയൊന്നും വികാരപരമായ വിശ്വാസങ്ങൾ ആയിരുന്നില്ല. സത്യാന്വേഷണമായിരുന്നു അവരുടെ സമീപനം. യുക്തിയായിരുന്നു അവരുടെ മാർഗം. എന്നല്ല അടിസ്ഥാനരഹിതമായ വിശ്വാസങ്ങളെ വലിച്ചെറിയാൻ തന്നെ അവ ആഹ്വാനം ചെയ്തു.

മതവിശ്വാസങ്ങളെപ്പോലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും കണ്ടുതുടങ്ങിയതിന്റെ പരിണതഫലമാണ് സമൂഹത്തിലെ മാററമില്ലായ്മയെന്ന് പരിവർത്തനവാദികൾ മനസ്സിലാക്കി. സമൂഹം മാറുന്നില്ലെന്നു മാത്രമല്ല മാറുകില്ലെന്നവബോധം കൂടി വളർന്നു വരാൻ പററിയ സാഹചര്യമാണ് രാഷ്ട്രീയകക്ഷികൾ സൃഷ്ടിച്ചത്. കക്ഷികൾതമ്മിൽ വ്യത്യാസമില്ലെന്നു ജനം മനസ്സിലാക്കുകയായിരുന്നു. കേവലം കൊടിയുടെ നിറത്തിലും പേരിന്റെ പ്രത്യേകതയിലും മാത്രം അന്തരമുള്ള ചേരികളാണ് അന്താരാഷ്ട്രരംഗത്തും അഭ്യന്തരരംഗത്തും ഉള്ളത്. ശാസ്ത്രീയവീക്ഷണത്തോടെ അഖിലലോകടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു എന്നവകാശപ്പെടുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ന് രണ്ടു ചേരിയാണ്. സോവിയററ് യൂണിയന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തെ റിവിഷനിസ്റ്റുകളും സോഷ്യൽ ഇംപീരിയലിസ്റ്റുകളുമെന്നു ചൈനയുടെ നേതൃത്വത്തിലുള്ള മറുപക്ഷം ആക്ഷേപിക്കുന്നു. കമ്മ്യൂണിസ്റ്റ് ചൈനയെ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സഹചാരിയായിട്ടാണ് സോവിയററ് യൂണിയൻ കുററപ്പെടുത്തുന്നത്. സാമ്രാജ്യത്വരാജ്യങ്ങളും സോഷ്യലിസ്റ്റ് രാജ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യം കടങ്കഥപോലെ ആയിരിക്കുന്നു. റഷ്യയും അമേരിക്കയും ഒന്നിച്ചു മദ്ധ്യപൂർവ്വദേശത്തെ പോലീസുദ്യോഗം വഹിക്കുന്നതായി ഇന്നു നാം കാണുന്നു. അതേപോലെതന്നെ ഭാരതത്തിനെതിരെ പാകിസ്ഥാനിലെ പിന്തിരിപ്പൻ പട്ടാളനേതൃത്വത്തിനു ആയുധം നൽകി സഹായിക്കുന്നതിൽ ചൈനയും അമേരിക്കയും യോജിച്ചതായി കണ്ടു. ഇതിനിടയിൽ പഴങ്കഥയായിത്തീർന്ന അന്താരാഷ്ട്രകമ്മ്യൂണിസത്തെ കണ്ടു പകച്ചുനിൽക്കുന്ന പ്രാദേശിക കമ്മ്യൂണിസ്റ്റ് പാർട്ടികളുമുണ്ട്.

## ചേരിയല്ലാത്ത ചേരി

അന്താരാഷ്ട്രശക്തികൾ ചേരികളുടെ ഈ തിരിമറികൾ തന്നെ അഭ്യന്തരരംഗത്തും ആവർത്തിക്കുകയാണ്. വ്യാപാരലാഭങ്ങൾക്കും വിഭവചൂഷണത്തിനുംവേണ്ടിയുള്ള മൽസരത്തിൽ രാജ്യങ്ങളുടെ രാഷ്ട്രീയം ആശയങ്ങളെ മറികടക്കുന്നു. അതുപോലെ തന്നെ സ്ഥാനമാനങ്ങൾ പങ്കി

ഒട്ടുക്കുന്നതിന് രാജ്യങ്ങൾക്കകത്തെ രാഷ്ട്രീയകക്ഷികളും ആശയപരിപാടികളെ വിസ്മരിക്കുന്നു. ഏതെങ്കിലും പ്രത്യേകമായ ആശയത്തിനോ പരിപാടിയ്ക്കോ വേണ്ടി വിട്ടുവീഴ്ചയില്ലാതെ നിൽക്കുന്ന കക്ഷികളൊന്നും ഇന്നില്ല. ഏതുകക്ഷിയുടേയും നയം മറെറന്തെങ്കിലും കക്ഷിയുമായിച്ചേർന്ന് സ്ഥാനമാനങ്ങൾ പങ്കിടാനുള്ളതാണ്. സ്വാഭാവികമായും നേതാക്കളുടെ സ്ഥാനലാഭത്തിനനുസരിച്ച് കക്ഷികളുടെ നയവും രൂപംകൊള്ളുന്നു. ഐക്യമുന്നണികൾ അംഗീകരിച്ച കക്ഷികളാണെല്ലാം പക്ഷ ആശയങ്ങളെയോ പരിപാടികളെയോ അടിസ്ഥാനമാക്കിയുണ്ടാക്കപ്പെട്ടവയല്ല അവയെന്ന് അനുഭവം തെളിയിക്കുന്നു. ഐക്യമുന്നണികൾ സ്ഥാനങ്ങൾ നേടുന്നതിന് സ്വീകരിക്കുന്ന സൂത്രം ഏറെക്കുറെ സുപരിചിതമാണ്. ആദ്യമേതന്നെ ഏതെങ്കിലും പ്രബലകക്ഷിയെ ശത്രുവായി പ്രഖ്യാപിക്കുകയാണ് ഐക്യമുന്നണിയിൽച്ചേരാൻ വേണ്ട അർഹതനേടുന്നതിനുള്ളൊരു മാനദണ്ഡമായി സ്വീകരിക്കുന്നത്. പിന്നീട് ഒരിക്കലും നടപ്പാക്കാനുദ്ദേശിച്ചിട്ടില്ലാത്ത പൊള്ളയായ മിനിമം പരിപാടി പ്രഖ്യാപിച്ചെന്നും വരാം, ഇല്ലെന്നും വരാം. നിയമസഭാസ്ഥാനങ്ങൾ വീതിച്ചെടുത്തു കഴിഞ്ഞാൽ മുന്നണിക്കക്ഷികളുടേയും നേതാക്കൾ ചേർന്ന് മന്ത്രിസഭ ഉണ്ടാക്കും. ഒട്ടും ജനപിന്തുണയില്ലാത്ത കക്ഷിനേതാക്കളും അങ്ങിനെ അധികാരസ്ഥാനത്തെത്തുന്നു. മന്ത്രിസ്ഥാനത്തെച്ചൊല്ലി കക്ഷികൾ വീണ്ടും പിളരുന്നു പിളർന്നുപോയ കക്ഷിയെ മുന്നണിയിൽ പിടിച്ചു നിർത്താൻ ലെയിസൺ കമ്മററിയിൽ സ്ഥാനം നൽകുന്നു. ആ കക്ഷിയുടെ നേതാവിനെ മന്ത്രിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ കോർപ്പറേഷൻ ചെയർമാനാക്കുന്നു. ചെയർമാനാക്കാൻ വേണ്ടി കോർപ്പറേഷനുകളും ഉണ്ടാക്കുന്നുണ്ട്.

ഭരണരീതിയിലോ നിയമനിർമ്മാണത്തിലോ ഈ മുന്നണികൾ പരിവർത്തനമൊന്നും ഉണ്ടാക്കുന്നില്ല. ഏതെങ്കിലും നിയമ നിർമ്മാണത്തിന്റെ പേരിൽ ചേരിമാററങ്ങളോ ക്രമമാററങ്ങളോ ഉണ്ടാകുന്നില്ല. നിയമനിർമ്മാണസഭകളിലെ പ്രതിപക്ഷം അധികാരിവർഗ്ഗത്തിന്റെ എതിർപക്ഷം അല്ലാതാവുന്നു. ഒരേ പക്ഷത്തിലെ ഇരു കക്ഷികളാണ് ഭരണകക്ഷിയും പ്രതിപക്ഷവുമെന്ന് വ്യക്തമാകുന്നു. നിലവിലുള്ള വ്യവസ്ഥിതി മാററമില്ലാതെ തുടരുകയും ചെയ്യുന്നു. അതുകൊണ്ട് പാർട്ടികളുടെ പ്രയോജനം പരിശോധിച്ചു നോക്കാതെ പിന്തുണ നൽകുകയെന്നാൽ പരിവർത്തനം തടയപ്പെടുക

യായിരിക്കും ഫലം. പരിവർത്തനവാദികൾക്ക് ഏതൊന്നും കക്ഷിനേതാക്കളുടെ സ്ഥാനമാനങ്ങളെക്കാൾ പ്രധാനം പരിവർത്തനത്തിനുതകുന്ന പരിപാടിയാണ്. സാമൂഹ്യപരിവർത്തനത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള ഒരുപാധിമാത്രമാണ് സംഘടന. പരിവർത്തനത്തിനുപകരിക്കാതെ ഏതൊന്നും ചില നേതാക്കളുടെ സ്ഥാനമാനങ്ങൾക്കുള്ള ഉപാധിയായി സംഘടന അധഃപതിക്കുമ്പോൾ പരിവർത്തനവാദി നോക്കിനിൽക്കില്ല. ചൂഷിതരായ മർദ്ദിതജനതയുടെ വിമോചനത്തിനുള്ള ആയുധമായാണ് അയാൾ സംഘടനയെ കാണുന്നത്. ആശയം കൊണ്ട് ബലപ്പെടുത്തുകയും പരിപാടി കൊണ്ട് മൂർച്ചവരുത്തുകയും ചെയ്യേണ്ട ആയുധമാണത്. സ്ഥാനങ്ങളെ സ്ഥാപിതതാൽപര്യമായി മാറുന്ന നേതാക്കൾ ആശയത്തെ ദുർബലമാക്കുകയും പരിപാടികൾ ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ പരിവർത്തനവാദി സമ്മതിക്കുകയില്ല. നേതൃസ്ഥാനത്തെത്തുന്നവരും സംഘടനയും ഒന്നാണെന്ന ധാരണ പരിവർത്തനവാദിക്കില്ല. ലക്ഷ്യത്തെയും പരിപാടിയെയും മുൻനിറുത്തി കൂട്ടായി പ്രയോഗിക്കാൻ അയാൾ സംഘടനയെ ആയുധമാക്കുന്നു. താൻ അംഗമായ സംഘടനയുടെ ഏതെങ്കിലും സമിതി എടുത്ത തീരുമാനമാണെന്നതു കൊണ്ട് മാത്രം അയാൾ എല്ലാം അംഗീകരിക്കുകയില്ല. പ്രഖ്യാപിതമായ ലക്ഷ്യങ്ങളുടെ നിർവ്വഹണത്തിന് ഉതകുന്നതാണോ തീരുമാനങ്ങൾ എന്ന് അയാൾ പരിശോധിക്കും. പാർട്ടി സമിതികളെയോ പാർട്ടിയെയോ അന്ധമായി ആരാധിക്കാനയാൾ തയ്യാറല്ല. ലക്ഷ്യനിർവ്വഹണത്തിന് സമർത്ഥമായി പ്രയോഗിക്കേണ്ട ഉപകരണം ആണ് സംഘടനയെന്ന് പരിവർത്തനവാദി കരുതുന്നു. അത്രക്കുമാത്രമേ അയാൾ സംഘടനയെ സ്നേഹിക്കുന്നുള്ളൂ. ലക്ഷ്യനിർവ്വഹണത്തിന് കൊള്ളാതായ ഉപകരണം വലിച്ചെറിയുവാൻ അയാൾ മടിക്കുകയില്ല. അതാണ് പരിവർത്തനവാദിയുടെ പ്രഖ്യാപനം **പാർട്ടി പൂജിക്കാനുള്ള വിഗ്രഹമല്ല; പ്രയോഗിക്കാനുള്ള ആയുധമാണ്**

## ശക്തമായ ആയുധം

ലക്ഷ്യത്തിലേക്ക് എത്തുന്നതിനുള്ള മാർഗ്ഗം വെട്ടിത്തെളിയിക്കുന്നതിന് ഉപയോഗിക്കേണ്ടതായ ആയുധമാണ് പാർട്ടിയെങ്കിൽ, ഏററ

വും മൂർച്ചയുള്ളതും ശക്തിയേറിയതുമായ ആയുധമാണ് തെരഞ്ഞെടുക്കേണ്ടത്. പ്രബലമായ ശത്രുവിനെ നേരിടാൻ ശക്തിയേറിയ ആയുധം തന്നെ വേണം രാജ്യത്തിന്റെ മൊത്തത്തിലുള്ള പരിവർത്തനമാഗ്രിക്കുന്നവർക്ക് രാജ്യവ്യാപകമായ സ്വാധീനശക്തിയുള്ള കക്ഷിയെ മാത്രമേ ആയുധമായി സ്വീകരിക്കാനാവൂ. രാജ്യവ്യാപകമായ സ്വാധീനശക്തിയുണ്ടെങ്കിൽ മാത്രമേ ഏതെങ്കിലും ഫലപ്രദമായി ചെയ്യാനാവൂ എന്നു അംഗീകരിക്കാൻ എല്ലാ കക്ഷികളും തയ്യാറാണ്. അതുകൊണ്ടാണ് പേരിലെങ്കിലും അഖിലേന്ത്യാ കക്ഷിയാകാൻ എല്ലാവരും വെമ്പൽകൊള്ളുന്നതു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഭിന്നിച്ച് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) ആകുമ്പോഴും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പിളർന്ന് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ് ലെനിനിസ്റ്റ് ആവുമ്പോഴും) ഇന്ത്യൻ എന്ന അഖിലേന്ത്യാവകാശവാദത്തിന് ആരും കുറവു വരുത്തുന്നില്ല. സോഷ്യലിസ്റ്റ് പാർട്ടിയായാലും ജനസംഘമായാലും സ്വതന്ത്രാപാർട്ടിയായാലും അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യം അംഗീകരിക്കുന്നു. എന്നാൽ ഇവയൊന്നിനും തന്നെ പേരിലൊഴികെ മറ്റൊന്നിലും അഖിലേന്ത്യാടിസ്ഥാനത്തിലുള്ള പ്രവർത്തനമോ സ്വാധീനശക്തിയോ ഇല്ല. അതുകൊണ്ട് കേന്ദ്രഭരണം ഈ കക്ഷികൾക്കിപ്പോഴും വിദൂരസ്വപ്നമാണ്. അവസാനം മാർക്സിസ്റ്റ് പാർട്ടി നേതാക്കൾ ഇന്ന പുതിയൊരു അഖിലേന്ത്യാ കക്ഷി രൂപവൽക്കരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

കോൺഗ്രസ്സിനെതിരായ ഒരു അഖിലേന്ത്യാസംഘടനയുണ്ടാക്കണമെന്ന് ഈ കക്ഷികൾ എല്ലാം ശ്രമിച്ചുകൊണ്ടിരിക്കുന്നതു കോൺഗ്രസ്സ് മാത്രമാണ് അഖിലേന്ത്യാസ്വാധീനമുള്ള കക്ഷിയെന്ന് അവരും സമ്മതിക്കുന്ന കോൺഗ്രസ്സ്‌വിരോധത്തിൽ മാത്രം യോജിപ്പുള്ളവർ ചേർന്ന് അഖിലേന്ത്യാ സംഘടനാ ഐക്യമുന്നണിയുണ്ടാക്കാനാണ് വ്യഗ്രത. ഈ സംഘടനകൾക്ക് പലതിനും തമ്മിൽ തമ്മിൽ ഉള്ളത്ര അഭിപ്രായവ്യത്യാസം കോൺഗ്രസ്സിനോടില്ല; എന്നിട്ടും കോൺഗ്രസ്സ് വിരോധത്തെ ഒരു ആദർശമാക്കാൻ ഈ "പ്രതിപക്ഷ" കക്ഷികൾ പരിശ്രമിക്കുകയാണ്. ഏറ്റവും ജനസ്വാധീനമുള്ള കക്ഷിയോട് ശത്രുത പ്രഖ്യാപിച്ചു കൊണ്ട് എങ്ങിനെയാണ് 'ജനകീയ മുന്നണിയുണ്ടാക്കുക? അവയിൽ പലതിലും ആത്മാർത്ഥമായ കോൺഗ്രസ്സ് വിരോധമില്ലെന്നതാണ് വാസ്തവം. അതാതവ

സമരത്തിൽ ഐക്യമുന്നണിയുണ്ടാക്കാൻ എടുത്തു് പ്രയോഗിക്കുന്ന അടവു മാത്രമാണു് കോൺഗ്രസ്സ് വിരോധം. അതുകൊണ്ടാണല്ലോ കോൺഗ്രസ്സ് വിരോധത്തിന്റെ അടിസ്ഥാനത്തിൽ ഐക്യമുന്നണിയുണ്ടാക്കിയ സി. പി. ഐ. യു ആർ. എസ്. പി. യു മുസ്ലീംലീഗും നാനാതരം സോഷ്യലിസ്റ്റ് കക്ഷികളും കിട്ടുന്ന ആദ്യസന്ദർഭത്തിൽ തന്നെ വീണ്ടും കോൺഗ്രസ്സുമായി ഒന്നിക്കുന്നതു്

ഭാരതമൊന്നാകെ ജനസ്വാധീനമുള്ള കക്ഷിയാണു് കോൺഗ്രസ്സെന്നും കോൺഗ്രസ്സാണു് രാജ്യത്തിന്റെ പ്രധാന ശത്രുവെന്നും പ്രഖ്യാപിക്കുന്നവർ പോലും കിട്ടുന്ന ആദ്യസന്ദർഭത്തിൽ കോൺഗ്രസ്സുമായിച്ചേരുന്നുവെന്നും കാണുന്നവർക്കു് രാഷ്ട്രീയ പ്രവർത്തനത്തിനു പററിയ ഏററവും ശക്തമായ ആയുധം കോൺഗ്രസ്സാണെന്നും അംഗീകരിക്കാതെ നിർവ്വാഹമില്ല മാത്രമല്ല, നിരന്തരമായ ആശയസമരത്തിന്റെ ഉരസൽകൊണ്ടു് മൂർച്ചനശിക്കാത്ത ആയുധമായി കോൺഗ്രസ്സ് എപ്പോഴും നിലകൊള്ളുന്നു കോൺഗ്രസ്സിന്റെ പുരോഗതിയുടേയും വളർച്ചയുടേയും ചരിത്രം പരിവർത്തനവാദികളുടെ വിജയചരിത്രമാണു്.

## നിവേദനം തൊട്ടു് നിഷ്ക്കാസനം വരെ

വെള്ളക്കാരൻ സ്ഥാപിച്ചു് വെള്ളമേലാവിന്റെ നിലനിർത്താൻ വേണ്ടിയുണ്ടാക്കിയ കോൺഗ്രസ്സ് ഭാരതത്തിന്റെ സ്വാതന്ത്ര്യസമരം നയിച്ച സംഘടനയായി ഏഷ്യനാഫ്രിക്കൻ കോളനികളുടെ മോചനത്തിനു് മാർഗ്ഗദർശിയായ പ്രസ്ഥാനമായി വളർന്നു ഉദ്യോഗങ്ങളിലെ പ്രാതിനിധ്യത്തിനു സന്നിധിസ്ഥാനം നടത്തുകയാണു് ആദ്യം കോൺഗ്രസ്സ് ചെയ്തതു്. നിവേദകർ പിന്നീടു് ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രിട്ടനുമായി നിസ്സഹരിക്കുന്നവരായി കൂടുതൽ അവകാശങ്ങൾക്കു് വേണ്ടി നിയമം ലംഘിച്ചു. നിവേദനത്തിൽ നിന്നു നിസ്സഹകരണത്തിലേക്കും നിയമലംഘനത്തിലേക്കും പിന്നീടു് നിയമനിർമ്മാണസഭയിലേക്കും ചെന്നെത്തിയ കോൺഗ്രസ്സ് അവസാനം ബ്രിട്ടനെ നിഷ്ക്കാസനം ചെയ്യുന്നതിൽ സമര സംഘടനയാ

യി മിതവാദികളുടെ പരിഷ്കരണത്തിനും തീവ്രവാദികളുടെ പരിവർത്തനത്തിനും കോൺഗ്രസ്സ് തന്നെയായിരുന്നു ഉപകരണം.

കേവലം രാഷ്ട്രീയാധികാരത്തിൽ പങ്കുപറ്റാൻ വേണ്ടി മാത്രം നിലകൊണ്ട സംഘടനയല്ല കോൺഗ്രസ്സ്. ഒരേസമയം അത് സാമൂഹ്യ പരിഷ്കർത്താക്കളുടേയും സന്നദ്ധസേവകരുടേയും സംഘടനയായിരുന്നു. അയിത്തോച്ചാടനത്തിനും ഹരിജനോദ്ധാരണത്തിനും മദ്യനിരോധനത്തിനും ഖദർ പ്രചാരണത്തിനും ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് പോരാടി. സാംസ്കാരിക വിപ്ലവത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ ആദ്യത്തെ രാഷ്ട്രീയ സംഘടനയാണ് കോൺഗ്രസ്സ്. അതുകൊണ്ട് ജനതയെ അതിനേക്കാൾ ജാതിക്കൂട്ടമായ ഭാരതത്തിൽ കോൺഗ്രസ്സിനു ജനസ്വാധീനം നേടാൻ കഴിഞ്ഞത്. ഭാരതത്തിന്റെയെന്നല്ല ലോകത്തിന്റെ തന്നെ ഏററവും കരുത്തുറ്റ സാമൂഹിക സംഘടനാസംവിധാനമാണ് ജാതി. കരുത്തുറ്റ ആ സംഘടനയെ മറികടക്കുന്ന മറെറാരു സംഘടനക്കും വളരാൻ ഭാരതത്തിന്റെ മണ്ണിൽ സാധിച്ചിട്ടില്ല. ആദ്യമായി ജാതിയെ മറികടന്നു വളർന്ന സംഘടന കോൺഗ്രസ്സാണ്. ആഫ്രിക്കയിലും ഏഷ്യയിലും വർണ്ണമേധാവിത്വത്തിനെതിരെ സമരം നയിച്ച ഗാന്ധിജി കോൺഗ്രസ്സിന്റെ നേതാവായിരുന്നു.

സ്വാശ്രയത്തിലൂടെ മാത്രമേ യഥാർത്ഥമായ സ്വാതന്ത്ര്യം അനുഭവിക്കാനാവൂ എന്നും കോൺഗ്രസ്സ് കണ്ടിരുന്നു. വിദേശവസ്ത്ര ബഹിഷ്കരണവും ഖാദിപ്രചരണവും നൂൽനൂൽപ്പും കോൺഗ്രസ്സിന്റെ പരിപാടിയായത് അങ്ങിനെയാണ്. ഈ പരിപാടികളിലൂടെ കോൺഗ്രസ്സ് തൊഴിലിന്റെ മഹത്വം പഠിപ്പിച്ചു. സ്വാശ്രയശീലം വളർത്തി ലളിതജീവിതത്തിലൂടെ ജനതയുമായി ഇഴുകിച്ചേരാൻ രാഷ്ട്രീയ പരിശീലനം നൽകി. ഭൂമികുലുക്കത്തിലും വെള്ളപ്പൊക്കത്തിലും ദുരിതമനുഭവിക്കുന്ന ജനതയുടെ കഷ്ടതകൾ പരിഹരിക്കാൻ സന്നദ്ധസേവന സംഘടന എന്ന നിലയ്ക്കും കോൺഗ്രസ്സ് പ്രവർത്തിച്ചിട്ടുണ്ട്.

അംഗീകാരം നേടാൻ കഴിയുന്ന ഏതു അഭിപ്രായത്തിനും എന്നും കോൺഗ്രസ്സിനെ സ്വാധീനിക്കാൻ അവസരമുണ്ടായിരുന്നു. ജനാധിപത്യ അവകാശങ്ങളുടേയും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും നീരോട്ടം കോൺഗ്രസിനെ സ്വയം ശുദ്ധീകരിച്ചുകൊണ്ടിരുന്നു. അഭിപ്രാ

വ്യത്യാസമുള്ളവരെ അന്തൃമാനം ഘാതകരായി ചിത്രീകരിക്കുന്ന പാരമ്പര്യം കോൺഗ്രസ് സ്വീകരിച്ചിട്ടില്ല. റഷ്യയിലെ ട്രോട്സ്കിയെയും ചൈനയിലെ ലിയുഷാവോചിയെയും പോലുള്ളവരുടെ അനുഭവമല്ല ഇന്ത്യയിലെ ഭഗവത്സിങ്ങിനും സുഭാഷ് ചന്ദ്രബോസിനും ഉണ്ടായിട്ടുള്ളത്. സുഭാഷും ഭഗവത്സിങ്ങും കോൺഗ്രസിന്റെ ആരാധ്യരായ നേതാക്കന്മാരായി ഇന്നും തുടരുന്നു.

## കോൺഗ്രസ്സിലൂടെ

അതിമഹത്തായ ഈ പാരമ്പര്യങ്ങളെ കുറിച്ച് കോൺഗ്രസ്സിലെ പരിവർത്തനവാദി ബോധവാനാണ്. ഏറ്റവും ജനസ്വാധീനമുള്ള അഖിലഭാരതസ്ഥാനത്ത് പ്രവർത്തിക്കുന്ന — മാർക്സിസ്റ്റ് കക്ഷികൾ എപ്പോഴും ഭാരതീയരെ തള്ളിപ്പറയുന്ന ആശയങ്ങളുടെ ഉൾപ്പാർട്ടി സമരം കൊണ്ട് തകർന്നടിഞ്ഞ — ഏഷ്യനിലെയും ആഫ്രിക്കയിലെയും വർഗവർണ്ണ മേധാവിത്വങ്ങൾക്കെതിരെ സമരം ചെയ്ത ഗാന്ധിജിയുടെ പാരമ്പര്യമുള്ള ഭാരതത്തിൽ അത്ഭുതമായി ജാതീയത മറികടന്നു വ്യാപിച്ച താന്ത്രികാധികാരത്തിന്റെ കൈമാറ്റത്തിനൊടൊപ്പം സാംസ്കാരികവിപ്ലവത്തിന്റെ പ്രാധാന്യം അറിഞ്ഞുകൊണ്ട് ഗാന്ധിജിയുടെ മഹത്വവും ത്യാഗത്തിന്റെ വിലയും അംഗീകരിച്ച സർവ്വവ്യാപകി നിരന്തരമായ രാഷ്ട്രീയസാമൂഹികസാമ്പത്തികസാംസ്കാരികപരിവർത്തനത്തിനാവശ്യമായി നിലകൊണ്ടിട്ടുള്ള ചൈതന്യം നശിക്കാത്ത ഒരേയൊരു സംഘടനയെന്നനിലക്കാണ് കോൺഗ്രസ്സിനെ പരിവർത്തനവാദികൾ ഇന്നും ഭാരതത്തിന്റെ പരിവർത്തനത്തിന് ഉപയോഗപ്പെടുത്താവുന്ന ഏറ്റവും ശക്തമായ ആയുധമായി കാണുന്നത്. ചരിത്രത്തെയും നിലവിലുള്ള യാഥാർത്ഥ്യങ്ങളെയും വസ്തുനിഷ്ഠമായി വിലയിരുത്തിക്കൊണ്ട് പരിവർത്തനവാദികളെത്തിച്ചേരുന്ന നിഗമനമാണ്

## ഭാരതത്തിന്റെ പരിവർത്തനം "കോൺഗ്രസ്സിലൂടെ മാത്ര"മെന്ന മുദ്രാവാക്യം

കോൺഗ്രസ്സിന്റെ ലക്ഷ്യങ്ങളും പരിവർത്തനവാദിയുടെ ലക്ഷ്യങ്ങളും ഒന്നു തന്നെ. ജനാധിപത്യത്തിനും സോഷ്യലിസത്തിനും മതേതരത്വത്തിനും വേണ്ടി കോൺഗ്രസ്സ് നില കൊള്ളുന്നു. ഇതു മൂന്നും പരസ്പരപൂരകമാണെന്നു പരിവർത്തനവാദികളറിയുന്നു. ഒന്നിനും ഒറ്റക്ക് നിലനിൽപ്പില്ല. മൂന്നിന്റെയും സമന്വയത്തിലൂടെ മാത്രമേ വ്യക്തിയുടെയും സമൂഹത്തിന്റെയും സ്വാതന്ത്ര്യം സമ്പൂർണ്ണമാകുള്ളൂ

കായികവും മാനസികവുമായ എല്ലാ ചൂഷണങ്ങളിൽ നിന്നും വിമുക്തമായ സമത്വാധിഷ്ഠിതവും സംഘർഷമുക്തവുമായ സമൂഹത്തിലേ സ്വാതന്ത്ര്യം യഥാർത്ഥ്യമാകൂ.

ജനാധിപത്യം കേവലം നാലോ, അഞ്ചോ വർഷം കൂടുമ്പോൾ വോട്ടു ചെയ്യാനുള്ള അവകാശം മാത്രമല്ല. ജനങ്ങളുടെ ആധിപത്യം എല്ലാരംഗത്തും സ്ഥാപിക്കലാണത്. പാർലിമെന്ററി ജനാധിപത്യരീതിതന്നെ പല രാജ്യങ്ങളിലും പലരൂപത്തിലാണ്. ഏതെങ്കിലും ഒരു സമ്പ്രദായത്തിന് പ്രത്യേകമായ പവിത്രത കല്പിക്കാൻ പരിവർത്തനവാദി തയ്യാറല്ല.

## ജനാധിപത്യം

എല്ലാ പാർലിമെന്ററി ജനാധിപത്യ രാജ്യങ്ങളിലും ആരംഭകാലത്ത് സ്വത്തുടമ വർഗ്ഗത്തിന് മാത്രമാണ് വോട്ടവകാശം നൽകിയിരുന്നത്. ആദ്യം പ്രഭുക്കന്മാർ, പിന്നീട് സ്വത്തുടമകൾ, അതിനുശേഷം നികുതിദായകർ, ഉയർന്ന വിദ്യാഭ്യാസമുള്ളവർ അതും കഴിഞ്ഞ് പുരുഷന്മാർമാത്രം ഇങ്ങനെയാണ് വോട്ടവകാശമുള്ളവർ ഉണ്ടായത്. മുകളിൽനിന്ന് താഴെയ്ക്കിറങ്ങി വരികയല്ലാതെ താഴെനിന്ന് മുകളിലേക്കു കയറി പോകുന്ന രീതിയിലുള്ള ചരിത്രം പാർലിമെന്ററി ജനാധിപത്യത്തിനില്ല. ലോകത്തിലാദ്യമായി 18 വയസ്സുകഴിഞ്ഞ എല്ലാ സ്ത്രീപുരുഷന്മാർക്കും വോട്ടവകാശം നൽകിയത് ലെനിന്റെ റഷ്യയാണ്. സ്ത്രീ പുരുഷന് അനുഭവിക്കാനുള്ള സ്വത്ത് മാത്രമായി കരുതിയിരുന്നതുകൊണ്ടും സ്ത്രീക്ക് സ്വന്തമായി സ്വത്തവകാശമില്ലാതിരുന്നതുകൊണ്ടും മുതലാളിത്ത രാജ്യങ്ങളിൽ വളരെയടുത്ത കാലംവരെയും ചിലിടത്ത്. ഇന്നും സ്ത്രീക്ക് വോട്ടവകാശം നിഷേധിച്ചിരുന്നു.

പാർലിമെന്ററി ജനാധിപത്യം ബ്രിട്ടനിൽ നിന്ന് ഭാരതത്തിന് ലഭിച്ച മഹത്തായ നിധിയാണെന്ന ധാരണ പരിവർത്തനവാദികൾക്കില്ല, ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിനനുസരിച്ച് ഭരണാധികാരികളെ തെരഞ്ഞെടുക്കാൻ പോലും പര്യാപ്തമല്ല നിയോജകമണ്ഡലങ്ങൾ വേർതിരിച്ച് പാർട്ടിയടിസ്ഥാനത്തിൽ പലപ്പോഴും ന

ടക്കുന്ന തെരഞ്ഞെടുപ്പുകൾ. അതിനാൽ അനുപാതികപ്രാതിനിധ്യം വേണമെന്നും മററുമുള്ള ആവശ്യങ്ങൾ ഇന്നു ഉന്നയിച്ചു കേൾക്കുന്നുണ്ടു്.

ജനാഭിലാഷത്തെ തന്നെ ശരിയായി പ്രതിഫലിപ്പിക്കുന്നവയല്ല തെരഞ്ഞെടുപ്പുകളും അവയുടെ ഫലമായി ഉണ്ടാകുന്ന പാർലിമെൻറുകളും എന്നതുമാത്രമല്ല സ്ഥിതി. ലോകത്തിലെ എല്ലാ പാർലിമെൻററി ജനാധിപത്യരാജ്യങ്ങളും കുത്തകമുതലാളിത്തം വളർന്നുവരുന്നതായിക്കാണാം. അഞ്ചു കൊല്ലം കൂടുമ്പോൾ ഒരിക്കൽ അധികാരത്തിൽ വരുന്ന സോഷ്യലിസ്റ്റ് കക്ഷിയും അഞ്ചു കൊല്ലം കഴിയുമ്പോൾ വീണ്ടും അധികാരത്തിൽ വരുന്ന മുതലാളിത്തകക്ഷിയും മാറിമാറി ഭരിക്കുന്ന ഒരിടത്തും സോഷ്യലിസം യാഥാർത്ഥ്യമാകുകയില്ല. ഭാരതത്തിലും പാർലിമെൻററി ജനാധിപത്യ ഭരണരീതി സോഷ്യലിസത്തിലേക്കു് അടുപ്പിക്കുന്നതിനു ഉപകരിച്ചിട്ടില്ല. മറിച്ചു കുത്തകകൾ വളരുകയാണു് ചെയ്തതു്. ഈ രാജ്യത്തെ ജനപ്രതിനിധി സഭയിൽ കുത്തകകളുടെ വളർച്ച തടയണമെന്നാവശ്യപ്പെട്ടുകൊണ്ടു് കഴിഞ്ഞ ഒരു ദശാബ്ദമായി ശബ്ദം മുഴങ്ങി കേൾക്കുന്നുണ്ടു്. അധികാരത്തിൻെറ ഏററവും ഉന്നതസ്ഥാനത്തിരിക്കുന്ന പ്രധാനമന്ത്രി തൊട്ടു് ആർക്കും ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടായിട്ടില്ല. എന്നിട്ടും കുത്തകകൾ വളർന്നുവരുന്നതിൻെറ കാരണം ഇന്നത്തെ പാർലിമെൻററി ഭരണരീതിയുടെ തകരാറിലേക്കാണു് വിരൽ ചൂണ്ടുന്നതു്. എല്ലാത്തരം നിയമങ്ങളെയും നിയന്ത്രണങ്ങളെയും മറികടക്കാൻ മുതലാളിമാർക്കു് കഴിയുന്നു.

അഞ്ചാറുവർഷം കൊണ്ടുമാത്രം നിലവിൽവരുന്ന ഏതുനിയമത്തെയും കുത്തകകളും പണക്കാരും എളുപ്പത്തിൽ മറികടക്കും. തെരഞ്ഞെടുപ്പുകൾക്കു് വേണ്ടി വരുന്ന വമ്പിച്ച ചെലവിനു സംഭാവന നൽകുന്ന കുത്തകമുതലാളി തീർച്ചയായും അതിൻെറ വില കണക്കു പറഞ്ഞു് മേടിക്കുകതന്നെ ചെയ്യും. എന്നിട്ടും തനിക്കിഷ്ടപ്പെടാത്ത നിയമനിർമ്മാണമുണ്ടായാൽ കോടതികളിൽ കൊണ്ടുപോയി സ്വാർത്ഥതാല്പര്യം നേടാൻ മുതലാളിമാർക്കറിയാം. ഭൂപരിഷ്ക്കരണ ഭേദഗതി നിയമങ്ങളുടേയും ദേശസൽക്കരണ നിയമങ്ങളുടേയും കഥ നമ്മുടെ മുന്നിലുണ്ടു്. എല്ലാം കഴിഞ്ഞാലും നിയമം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥവൃന്ദത്തെ സ്വാധീനിക്കാൻ മുതലാളിമാർക്കു് വിഷമമുണ്ടാകുകയില്ല.

സ്വകാര്യസ്വത്തും പണവും എല്ലാ സൗകര്യങ്ങളേയും നിയന്ത്രിക്കുന്ന വ്യവസ്ഥിതിയിൽ അഞ്ചു കൊല്ലത്തിലൊരിക്കൽ വോട്ടവകാശം നൽകുന്നതുകൊണ്ട് മാത്രം എല്ലാവർക്കും അവസരസമത്വം ലഭിക്കുകയില്ലതന്നെ. സ്വത്തുള്ളവർ മാത്രമേ ഇവിടെ വീണ്ടും സ്വത്തുകാരനാകൂ. കാരണം ദേശസാൽക്കരിച്ചവയായാലും അല്ലാത്തവയായാലും ശരി ധനസഹായം നൽകുന്നത് സ്വത്തിന്റെ ഈടിന്മേലാണ്. കൂടുതൽ സ്വത്ത് ഈടുനൽകുന്നവന് കൂടുതൽ ധനസഹായം ലഭിക്കുമെന്നതിനാൽ വീണ്ടും സ്വത്ത് കാരനാകാൻ കഴിയുമെന്ന് വ്യക്തമാണ്. സ്വത്തിന്റെ കുപ്പിട്ടിന്മേലാണ് കോടതികൾ ജാമ്യം നൽകുന്നതുപോലും. സ്വത്തില്ലാത്തവൻ തടവിൽ കിടക്കേണ്ടിവരികയും സ്വത്തുള്ളവൻ ജാമ്യത്തിലിറങ്ങുകയും ചെയ്യുന്ന വ്യവസ്ഥിതിയിൽ നീതിപോലും സ്വത്തുടമസ്ഥന്റെ ഭാഗത്താണല്ലോ. ഇതാണ് സ്വത്തവകാശത്തിന് പവിത്രത നൽകുന്ന ജനാധിപത്യ വ്യവസ്ഥിതിയിലെ "അവസരസമത്വം", അതുകൊണ്ട് പരിവർത്തന വാദികൾ പറയുന്നു:— **സാമ്പത്തികസമത്വമില്ലാതെ സന്ദർഭസമത്വമില്ല** — സോഷ്യലിസമില്ലാതെ ജനാധിപത്യമില്ല

## സോഷ്യലിസം

സോഷ്യലിസവും ജനാധിപത്യവും കൈകോർത്തു പോകേണ്ടതാണെന്ന് പരിവർത്തനവാദികൾക്കറിയാം. യുക്തിപൂർവ്വമായ സാമൂഹിക, സാമ്പത്തിക സിദ്ധാന്തം എന്ന നിലക്കാണ് സോഷ്യലിസത്തെ അവർ കാണുന്നത്. പ്രപഞ്ചത്തിലെ എല്ലാ ഭൗതികവിഭവങ്ങളും എല്ലാവർക്കും ഒരേപോലെ അനുഭവിക്കാൻ അവകാശപ്പെട്ടതാണെന്ന് സോഷ്യലിസം സിദ്ധാന്തിക്കുന്നു. ആർക്കും ജന്മസിദ്ധമായി പ്രത്യേകാവകാശങ്ങൾ ഉണ്ടായിക്കൂട. അടിസ്ഥാനപരമായി പ്രപഞ്ചവിഭവങ്ങളിൽ മനുഷ്യൻ അർപ്പിക്കുന്ന തൊഴിൽ ശേഷിയാണ് വസ്തുവിന്റെ മൂല്യം നിർണ്ണയിക്കുന്നത്. ഖനനം, സംസ്കരണം, വിതരണം, ഭരണം എന്നിങ്ങനെയുള്ള ഇടപാടുകളിൽ മനുഷ്യൻ അർപ്പിക്കുന്ന തൊഴിൽ ശേഷിയിൽ കവിഞ്ഞ് ഒരു വസ്തുവിനും അടിസ്ഥാനമൂല്യം കല്പിക്കാവുന്നതല്ല. [illegible] അറിവിനും അനുസരിച്ച് സമൂഹത്തിന് പ്രയോജനകരമായി ചെയ്യുന്ന എല്ലാ

തൊഴിലും മററൊന്നിനേയും അപേക്ഷിച്ച് കൂടുതലോ കുറവോ മൂല്യമുള്ളതായി കണക്കാക്കരുത്.

കൂട്ടായി ഉല്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾക്കും കൂട്ടായ തൊഴിൽശേഷിയുടെ മൂല്യമേ സോഷ്യലിസ്റ്റുകൾ കല്പിക്കു. സാമൂഹ്യമായി ഉല്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾക്കും സാമൂഹ്യമായ ഉടമസ്ഥാവകാശം ഉണ്ടായിരിക്കണം; പ്രപഞ്ചവിഭവങ്ങളെപ്പോലെതന്നെ. അതിനാൽ സോഷ്യലിസ്റ്റുകൾ സ്വകാര്യ സ്വത്തവകാശത്തെ നിഷേധിക്കുന്നു. **സാമ്പത്തികരംഗത്തെ ജനാധിപത്യമാണ് സോഷ്യലിസമെന്ന്** പരിവർത്തനവാദികൾ നിർവ്വചിക്കുന്നു.

സോഷ്യലിസ്റ്റുകളുടെ ജനാധിപത്യം, സോഷ്യലിസത്തിന്റെ തന്നെ അവിഭാജ്യഘടകമാണ്. സ്വത്തിന്റെ കൈവശാവകാശത്തിന്റെ പേരിൽ ആധിപത്യം ചെലുത്തുന്നതു ദൂഷണമാണെങ്കിൽ അധികാരസ്ഥാനത്തിന്റെ കൈവശാവകാശത്തിന്റെ പേരിൽ ആധിപത്യം ചെലുത്തുന്നതും ദൂഷണമായാണ്. സോഷ്യലിസ്റ്റു പരിവർത്തനവാദികൾ കരുതുന്നത് ഭരണാധികാരികളെ സോഷ്യലിസത്തിന്റെ വഴിയ്ക്ക് സ്വതന്ത്രമായി വിമർശിക്കാനും മാററാനുമുള്ള അവകാശം എന്ന നിലയിൽ ജനാധിപത്യം നിലനിൽക്കേണ്ടതാണ്. സ്വകാര്യസ്വത്തോടൊപ്പമുള്ള വോട്ടവകാശമല്ല, അഭിപ്രായസ്വാതന്ത്ര്യവും ഭരണാധികാരത്തിലെ പങ്കാളിത്തവുമാണ് സോഷ്യലിസ്റ്റുകളുടെ ജനാധിപത്യം. ജനങ്ങളും സമൂഹവും അനുഭവിക്കുന്നതുകൊണ്ട് സിദ്ധിക്കുന്നതായിരിക്കണം എല്ലാ അധികാരവും, ഫാക്ടറികളുടെ നടത്തിപ്പിൽ തൊഴിലാളികൾക്കും കൃഷികളുടെ പ്രവർത്തനത്തിൽ അംഗങ്ങൾക്കും പങ്കാളിത്തം ജനാധിപത്യത്തിന്റെ അവശ്യഘടകമാണ്. എത്ര ഉന്നതനായ ഭരണാധികാരിയായാലും ശരി ജനങ്ങളിൽനിന്ന് മാറ്റിവച്ചുകൊണ്ടുള്ള ഒരു പ്രവർത്തനവും പരിവർത്തനവാദികൾ സ്വീകരിക്കുമല്ല. ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നവർ ജനങ്ങളെ ഭയപ്പെടേണ്ട ആവശ്യമില്ല. സ്റ്റാലിന്റെയും ലിൻപിയാവോവിന്റെയും അനുഭവം യഥാർത്ഥമായ ജനാധിപത്യരീതിയിൽ ഉണ്ടാകുകയില്ല. ഭരണകാലത്ത് നേതാവിനെ വാനോളം പുകഴ്ത്തുകയും മരണശേഷം പാതാളത്തോളം താഴ്ത്തുകയും ചെയ്യുന്ന രീതി ഉൾപ്പാർട്ടി ജനാധിപത്യത്തിന്റെ അഭാവത്തെയാണ് കാണിക്കുന്നത്. ജനാധിപത്യ അധികാരത്തിന്റെ സാമ-

ഹ്യവൽക്കരണം ആവശ്യപ്പെടുന്നു. അതിനാൽ രാഷ്ട്രീയരംഗത്തെ സോഷ്യലിസമാണ് ജനാധിപത്യമെന്നു പരിവർത്തനവാദി പറയുന്നു.

## സമത്വം

ജനാധിപത്യത്തെയും സോഷ്യലിസത്തെയും ബന്ധിക്കുന്ന ചരടാണ് സമത്വം. വരുമാനത്തിലും ജീവിതസൗകര്യങ്ങളിലും സമത്വം കൂടിയേ തീരൂ. ജീവിതഭദ്രതയോ, ഏററവും പരിമിതമായ ജീവിത സൗകര്യങ്ങളോ പോലും സാമാന്യജനതക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. കൈക്കൂലി കൊടുത്തും കുടുംബബന്ധങ്ങളുടെ അടിസ്ഥാനത്തിലുമാണ് തൊഴിൽപോലും ലഭിക്കുന്നത്. ഭാഗ്യവശാൽ ലഭിക്കുന്ന ഒരു തൊഴിലും നിർഭാഗ്യത്തിന് ചെയ്യേണ്ടി വരുന്ന മറെറാരു തൊഴിലും തമ്മിൽ പ്രതിമാസവരുമാനത്തിലുണ്ടാകുന്ന വമ്പിച്ച അന്തരം അസംതൃപ്തിയുടെ വിളനിലമാകുന്നു. പകലന്തിയോളം കഠിനാദ്ധ്വാനം ചെയ്ത് പാതവക്കിൽ കിടന്നുറങ്ങേണ്ടി വരുന്നവരാണ് ഭൂരിഭാഗവും. അംബരചുംബികളായ എയർകണ്ടീഷൻഡ് മണിമേടകളിൽ ഉല്ലാസരായിക്കഴിയുന്ന ഒരു പിടിയാളുകളെയാണ് അവർ കണ്ടുകൊണ്ടിരിക്കുന്നത്. ഭൂരിഭാഗത്തിന്റെ കഠിനാദ്ധ്വാനം ഒരുപിടി ആളുകളുടെ ആർഭാട ജീവിതത്തിന് താങ്ങായിത്തീരുന്ന വ്യവസ്ഥയിൽ ആരും സ്വമേധയാ അദ്ധ്വാനത്തിന് തയ്യാറാകുകയില്ല. ഒരേ വിദ്യാഭ്യാസയോഗ്യതയുള്ളവർ തമ്മിൽ ഒരേ കഴിവുള്ളവർ തമ്മിൽ ഒരേ ജോലിയിൽ ചെയ്യുന്നവർ തമ്മിൽ വമ്പിച്ച വരുമാനാന്തരം നിലനിൽക്കുമ്പോൾ ജോലി ശാപമായിത്തീരുന്നു. ജോലി ശാപമായിത്തീർന്നവർക്ക് ഉൽപ്പാദനത്തിൽ താൽപ്പര്യമുണ്ടാകയില്ല. ദാരിദ്ര്യം പങ്കിടലല്ല സോഷ്യലിസമെന്ന തത്വപ്രചാരണം വഞ്ചനയാണ്. ദാരിദ്ര്യമാണ് സമ്പത്തെങ്കിൽ അതും പങ്കിട്ടുകൊടുക്കണം. സമത്വമാണ് എല്ലാ ഉൽപ്പാദന പ്രക്രിയയിലും പങ്കാളിത്തബോധമുണ്ടാക്കുന്നത്. ജീവിതസൗകര്യങ്ങളിലും വരുമാനത്തിലും സമത്വമുള്ളപ്പോൾ ജോലിയിൽ അലിഞ്ഞു ചേരാൻപാററിയ സാംസ്കാരിക പശ്ചാത്തലമായി.

അപ്പോൾ എല്ലാ ജോലികളും കലകളായി മാറുന്നു. ഉത്പാദനം ആനന്ദകരമാകുന്നു.

അടിച്ചേൽപ്പിക്കുന്നതെന്ന ബോധത്തിൽ നിന്നു തൊഴിൽ വിമുക്തമാകുമ്പോൾ അദ്ധ്വാനം ആയാസരഹിതമാകും. അതോടെ ഉല്പാദനം വർദ്ധിക്കുന്നു. അതുകൊണ്ടാണ് സമത്വത്തിന്റെ മണ്ണിലെ സൃഷ്ടി വിപ്ലവകരമായ പരിവർത്തനമുളവാക്കുന്നതു്.

സമത്വം തുടങ്ങുന്നതു് അദ്ധ്വാനത്തിന്റെ മഹത്വം അംഗീകരിച്ചു കൊണ്ടായിരിക്കണം. കായികമോ മാനസികമോ ആയ തൊഴിലുകൾ തമ്മിലുള്ള കൃത്രിമമായ വേർതിരിവ് അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. പാടത്തു് പണിയെടുക്കുന്നവനെക്കാൾ വലിയവനാണ് പാഠം പറഞ്ഞു കൊടുക്കുന്നവനെന്ന ധാരണ ശരിയല്ല. അദ്ധ്വാനിച്ചു് ഭക്ഷണം ഉല്പാദിപ്പിക്കുന്നവനേക്കാൾ അദ്ധ്യാപകൻ ശ്രേഷ്ഠനല്ല. കെട്ടിടങ്ങളും അണക്കെട്ടുകളും പാലങ്ങളും റോഡുകളും നിർമ്മിക്കുന്ന അദ്ധ്വാനിക്കുന്ന തൊഴിലാളി ഇന്നു അഭിവൃദ്ധിയുടെ മൂകസാക്ഷി മാത്രമാണ്. വെയിലും മഴയും കൊണ്ടു് മണിമേടകൾ പണിചെയ്തു് ഉയർത്തിയ തൊഴിലാളി പണിയായുധം പോലും താഴെ വെച്ചു് പിരിയുമ്പോൾ, പണിയുടെ കരാറെടുത്ത കോൺട്രാക്ടർ മാത്രം പണം കുമ്പാരം കൂട്ടുന്നതാണ് കാണുന്നതു്. അതവസാനിപ്പിക്കാതെ തരമില്ല. പണം മുടക്കുന്നവനേക്കാൾ സ്വയം പണിചെയ്യുന്നവനാണ് അഭിവൃദ്ധിയുണ്ടാകേണ്ടതു്.

## അദ്ധ്വാനിക്കുന്നവന്റെ അവകാശമാണ് അഭിവൃദ്ധി സമ്പാദ്യമല്ല

അദ്ധ്വാനിക്കുന്നവരുടെ പേരിൽത്തന്നെ അഭിവൃദ്ധിയുണ്ടാക്കിയ ഒരു കൂട്ടമാളുകൾ നമ്മുടെ നാട്ടിൽ വളർന്നു വന്നിട്ടുണ്ട്. ഇടത്തരക്കാർ എന്നു സ്വയം വിശേഷിപ്പിക്കുന്ന ഒരു വിഭാഗം ജീവനക്കാരാണവർ. ബാങ്കുജീവനക്കാരും സർക്കാർ ഉദ്യോഗസ്ഥന്മാരും അദ്ധ്യാപകരും ആധുനിക വ്യവസായ തൊഴിലാളികളും ഇവരിൽ

പ്പെട്ടും ഭാരതത്തിന്റെ ആളോഹരി വരുമാനമെടുത്ത് താരതമ്യം ചെയ്യുമ്പോഴും ഇവരെ ഇടത്തരക്കാരായിക്കാണാൻ കഴിയുകയില്ല. നാൽപ്പത് ശതമാനത്തോളം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെ കഴിക്കുകയും ശരാശരി ആളോഹരി വരുമാനം ഒരു രൂപയിൽ താഴെ ആയിരിക്കുകയും ചെയ്യുന്ന ഈ രാജ്യത്ത് ഇവരുടെ വരുമാനം സാമാന്യ ജനതയെ അപേക്ഷിച്ച് എത്രയോ ഉയർന്നതാണ്. സർക്കാരോ മുതലാളിമാരോ മുതൽമുടക്കിയ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരാണെന്നതുകൊണ്ട് മാത്രം ഇവർ ചൂഷണത്തിൽ പങ്കുപറ്റുന്നവരല്ലാതാകുകയില്ല.

എല്ലാ സമ്പത്തിന്റെയും അടിസ്ഥാനമൂല്യം തൊഴിലും സമ്പത്തും ചൂഷണം കൊണ്ടുണ്ടാകുന്ന മിച്ച മൂല്യവുമാണെങ്കിൽ, ദേശീയ വരുമാനത്തിന്റെ ഉയർന്ന പങ്ക് പറ്റുന്നവർ, ചൂഷണത്തിൽ പങ്ക് പറ്റുന്നവർ തന്നെയാണ് സാമാന്യ ജനതയ്ക്ക് നിഷേധിക്കപ്പെട്ട വരുമാനവും ജീവിതസൗകര്യവുമുള്ളവരാണ് ഈ ജീവനക്കാർ. ഇവരെ കേവലം അദ്ധ്വാനശക്തി വിറ്റു ജീവിക്കുന്ന തൊഴിലാളിയായി മാർക്സിസ്റ്റ് നിർവചന പ്രകാരം പരിഗണിക്കുക വയ്യ. യഥാർത്ഥത്തിൽ അദ്ധ്വാനിക്കുന്ന പാടത്തെ പണിക്കാരായി കെട്ടിടം, പാലം, റോഡ്, അണക്കെട്ട് തുടങ്ങിയവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളെ അപേക്ഷിച്ച്, ജീവിതസൗകര്യങ്ങൾ സമ്പാദിച്ചിട്ടുള്ളവരാണവർ. വീടും റേഡിയോയും വൈദ്യുത പങ്കയും മാത്രമല്ല, ഇവരിൽ പലർക്കും ഫ്രിജറേറ്ററും സ്കൂട്ടറും കാറും സ്വകാര്യ സമ്പാദ്യമായിത്തന്നെയുണ്ട്.

ഈ ജീവനക്കാരുടെ സാമ്പത്തികവർദ്ധനക്ക് വേണ്ടിയുള്ള സമരങ്ങൾകൊണ്ട് സോഷ്യലിസം ഉണ്ടാവുകയില്ല. യഥാർത്ഥത്തിൽ ജോലിസ്ഥിരതയില്ലാത്ത കായികാദ്ധ്വാനം നടത്തുന്നവരുടെ താൽപ്പര്യങ്ങൾക്ക് വേണ്ടി സമരം ചെയ്യുമ്പോൾ മാത്രമാണ് ഇവരുടെ സമരത്തിന് ന്യായീകരണമുണ്ടാകുന്നത്. ഏതെങ്കിലും ജോലി ചെയ്യുന്നവരൊക്കെ തൊഴിലാളിയും, അവരുടെ സമരങ്ങളൊക്കെ ചൂഷണത്തിനെതിരായ സമരങ്ങളും ആണെന്ന ധാരണ പഴഞ്ചനായിരിക്കുന്നു. അതിനാൽ പരിവർത്തനവാദികൾ ഓർമ്മിപ്പിക്കുന്നു. അദ്ധ്വാനം വിറ്റ് ജീവിക്കുന്നവനാണ് തൊഴിലാളി സമ്പാദിക്കുന്നവനല്ല.

# എല്ലാവർക്കും തൊഴിൽ

സ്വകാര്യ സമ്പാദ്യം എപ്പോഴും മററുള്ളവരുടെ അദ്ധ്വാനത്തിന്ന അർഹമായ പ്രതിഫലം നൽകാത്തതു കൊണ്ടുണ്ടാകുന്നതാണെന്നു സോഷ്യലിസ്റ്റ് പരിവർത്തനവാദികൾക്കറിയാം. തൊഴിൽ ചെയ്യുവാൻ സന്നദ്ധരായിട്ടും തൊഴിൽ ലഭിക്കാതെ അലയുന്ന അനേകലക്ഷം തൊഴിലാളികളുള്ള ഈ നാട്ടിൽ സമ്പാദ്യം ചൂഷണം മാത്രമല്ലാ തൊഴിലിന്റെ കുത്തകയായി കൂടി കണക്കാക്കേണ്ടതാണ്. രാജ്യത്തിന്റെ മൊത്തം സ്വത്ത് രാജ്യത്തിന്ന മൊത്തം അവകാശപ്പെട്ടതാണെന്നതുപോലെ തന്നെ അതുകൊണ്ടുള്ള തൊഴിലും ആളുകൾക്കെല്ലാം ഒരുപോലെ അവകാശപ്പെട്ടതാണ്. ഒരു തൊഴിലിന്റെ ശരാശരി പ്രതിഫലത്തിൽ കൂടുതൽ വരുമാനമുള്ള ആരും അധിക വരുമാനത്തിന്ന ആനുപാതികമായി തൊഴിലും കയ്യടക്കിവെച്ചിരിക്കുന്നുവെന്നാണർത്ഥം. മിച്ചഭൂമി പിടിച്ചെടുക്കുന്നതുപോലെ, സമ്പാദ്യക്കാരായവരിൽനിന്ന മിച്ചതൊഴിലും പിടിച്ചെടുക്കേണ്ടതാണ്. ഉദ്യോഗസ്ഥനെ കൃഷിസ്ഥലവും അദ്ധ്യാപകനെ ടാക്സിക്കാറും സമ്പാദിക്കാൻ അനുവദിക്കരുത്. അദ്ധ്വാനിക്കാത്ത തൊഴിലിന്നും സാമാന്യജനത്തിന്റെ ജീവിതനിലവാരവുമായി പൊരുത്തമുള്ള വരുമാനത്തിന്നും മാത്രമേ സോഷ്യലിസ്റ്റ് സമൂഹത്തിൽ ആർക്കും അർഹതയുണ്ടാകാവൂ.

തൊഴിൽ ചെയ്യാതെ ജീവിക്കാൻ അർഹതയില്ലന്നതുപോലെ തന്നെ തൊഴിൽചെയ്യാനുള്ള അവകാശവും സ്ത്രീപുരുഷഭേദമെന്യേ സോഷ്യലിസ്റ്റ് സമൂഹത്തിലുണ്ടായിരിക്കണം. ഭൂരിഭാഗവും തൊഴിലിന്ന വേണ്ടി ദാഹിച്ചുഴലുമ്പോൾ കുറച്ചുപേർ അധികസമയം ജോലിചെയ്ത് ഓവർടൈം "അവകാശം,, പറയുന്നതും തൊഴിലുകൾ പലതും കയ്യടക്കിവെക്കുന്നതും ചൂഷണമാണ്. സ്വത്തെന്നപോലെ തൊഴിലും വീതിക്കുകയും ഭൂമിയുൾപ്പടെയുള്ള എല്ലാ പ്രകൃതിവിഭവങ്ങളുടേയും പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുകയാണ് സോഷ്യലിസ്റ്റ് സമൂഹക്രമത്തിന്റെ ചുമതല. അതിനാൽ പരിവർത്തനവാദിയുടെ മുദ്രാവാക്യമിതാണ്:

## "ഒരാൾക്കൊരു തൊഴിൽ എല്ലാവർക്കും തൊഴിൽ"

അപ്പോൾ, എല്ലാ സ്ത്രീപുരുഷന്മാർക്കും തൊഴിലും ജീവിതസൗകര്യങ്ങളിലും വരുമാനത്തിലും സമത്വവും, അധികാരത്തിൽ പങ്കാളിത്തവും അഭിപ്രായത്തിന്ന് സ്വാതന്ത്ര്യവും നൽകിക്കൊണ്ട് പ്രകൃതിവിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്ന് അവസരമുണ്ടാക്കുന്നതു വഴിമാത്രമേ ജനാധിപത്യസോഷ്യലിസം സാക്ഷാൽക്കരിക്കാവൂ. ഈ ലക്ഷ്യം നേടുന്നതിന്ന് വേണ്ടിയായിരിക്കണം ജനാധിപത്യത്തിലും സോഷ്യലിസത്തിലും വിശ്വസിക്കുന്നവരുടെ രാഷ്ട്രീയ പ്രവർത്തനം മുഴുവനും തന്നെ. ഭരണാധികാരത്തിലെത്തുമ്പോൾ അധികാരമുപയോഗിച്ചുകൊണ്ട് ആവുന്നത്ര വേഗത്തിൽ ലക്ഷ്യം നേടാൻ സോഷ്യലിസ്റ്റ് പരിവർത്തനവാദികൾ ബാദ്ധ്യസ്ഥരാണ്. അല്ലാത്ത അവസരങ്ങളിലെല്ലാം തങ്ങളുടെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന്ന് ശത്രുക്കളായി വരുന്ന സംഘങ്ങളെയും, സിദ്ധാന്തങ്ങളെയും, വ്യക്തികളെയും, പ്രവൃത്തികളെയും അവർ വിട്ടുവീഴ്ചയില്ലാതെ എതിർത്തുകൊണ്ടിരിക്കും. പാർലിമെന്ററി ജനാധിപത്യ സമ്പ്രദായത്തിൽ സോഷ്യലിസ്റ്റ് പരിവർത്തനത്തിനുള്ള മാർഗം ഇതാണ്. ജനാധിപത്യ സോഷ്യലിസത്തിന്റെ സാക്ഷാൽക്കാരത്തിന്ന് ഉപകരിക്കുന്ന താൽക്കാലിക പരിപാടികളും ദീർഘകാലാടിസ്ഥാനത്തിലുള്ള പരിപാടികളും പരിവർത്തനവാദി നിരന്തരം ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു. ജനാധിപത്യ സോഷ്യലിസത്തിന്റെ സാക്ഷാൽക്കാരത്തിന്നുതകുന്ന–സമത്വത്തിലേക്കുയർത്തുന്ന–തൊഴിൽ ഉറപ്പുനൽകുന്ന–അദ്ധ്വാനിക്കുന്നവർക്ക് അഭിവൃദ്ധിയുണ്ടാക്കാൻ ഉതകുന്ന പരിപാടികൾ നിശ്ചിതകാലത്തിനുള്ളിൽ സാക്ഷാൽക്കരിക്കുന്നതിലാണ് പരിവർത്തനവാദി തന്റെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിക്കുന്നത്.

ഉദാഹരണത്തിന്ന്, തൊഴിൽ മൗലികാവകാശമാക്കണമെന്നും, വരുമാനത്തിന്റെയും ചെലവിന്റെയും അന്തരം കുറക്കണമെന്നും, സ്വത്തവകാശം മൗലികാവകാശമാക്കരുതെന്നും ഉള്ള ഏതു വാദവും ഏതു കക്ഷിയുന്നയിച്ചാലും പരിവർത്തനവാദി പിന്തുണനൽകും. സമയബന്ധിതമായ നടപടികൾക്കുവേണ്ടിയാണ് അവരാൾ ശ്രമിക്കുക. പ്രഖ്യാപിതമായ സോഷ്യലിസ്റ്റ് പരിപാടികളിൽ നിന്നു പിന്നോക്കം പോകുന്നതു പരിവർത്തനത്തെ തടസ്സപ്പെടുത്തുകയേയുള്ളൂ. മുതലാളിത്തത്തിന്റെ സ്വാധീനത്തിലുള്ള കക്ഷികളും ഭരണകൂടവും

ണ് പാർലിമെൻററി സമ്പ്രദായത്തിൽ ഉള്ളതു് പരിപാടികളിൽ വിട്ടുവീഴ്ച ചെയ്തുകൊണ്ട്, സ്ഥാനം സംരക്ഷിക്കാൻ തുടങ്ങുന്ന ഏതു കക്ഷിയും നേതാവും സ്വാഭാവികമായും സോഷ്യലിസ്റ്റ് ലക്ഷ്യത്തിൽ നിന്ന് അകലാതെ നിർവ്വാഹമില്ല. അങ്ങിനെ ആയാൽ സമയബന്ധിതപരിപാടി നടപ്പാക്കാനല്ല, സമയപരിധി പുതുക്കലും പരിപാടിമാററലും മാത്രമേയുണ്ടാവൂ. സ്ഥാനങ്ങൾക്കും പദവികൾക്കും എന്തെങ്കിലും കോട്ടം തട്ടുമെന്ന് കണ്ടാൽ പരിപാടികൾ ഉപേക്ഷിക്കാനും പരിപാടികളിൽ മായം ചേർക്കാനും നേതൃസ്ഥാനീയർ തയ്യാറാകും. സാമൂഹ്യ പരിവർത്തനം എന്നും രണ്ടേ രണ്ട് രീതിയിലാണ് ഉണ്ടായിട്ടുള്ളതു്. ഒന്നുകിൽ ബലം പ്രയോഗിച്ച് അല്ലെങ്കിൽ ലക്ഷ്യത്തിനും പരിപാടിക്കും വേണ്ടി സ്ഥാനവും പദവിയും ത്യജിച്ച് ലക്ഷ്യത്തിലുറച്ചു നിന്ന് വിട്ടുവീഴ്ച ചെയ്യാതെ, ത്യാഗസന്നദ്ധരാവുന്നവർക്ക് മാത്രമേ സമൂഹത്തിന്റെ പരിവർത്തനം സാദ്ധ്യമാക്കൂ. പരിപാടിയിൽ വിട്ടുവീഴ്ച ചെയ്തു തുടങ്ങുന്നവർ, താമസിയാതെ തന്നെ വിട്ടുവീഴ്ച പരിപാടികളും നടപ്പിലാക്കുമെന്ന് ഉറപ്പു പറഞ്ഞ പരിപാടി നടപ്പിലാക്കാത്ത ഏതു ഭരണാധികാരിയേയും പൊതുജനാഭിപ്രായത്തിന്റെ കോടതിയിൽ വിസ്തരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് പാർലിമെൻററി ജനാധിപത്യ ഭരണരീതിയിൽ **പരിപാടിയിലുള്ള പിടിവാശിയാണ് പരിവർത്തനവാദിയുടെ പടവാൾ**

## പിടിവാശി

ഭരണാധികാരികൾക്ക്, ഈ പിടിവാശി കൂടിയേ തീരൂ. അതില്ലാത്തതു കൊണ്ട് രാഷ്ട്രീയ കക്ഷികൾ ഒററയായും കൂട്ടായും ഭരിച്ചിട്ടും ഫലത്തിൽ മാററമൊന്നുമുണ്ടാകുന്നില്ല. അഴിമതി ആരോപണങ്ങൾ ഉണ്ടാകുമ്പോൾ അന്വേഷണം നടത്തുമെന്ന് പ്രഖ്യാപിച്ചു കൊണ്ട് അധികാരത്തിൽ വന്ന ഐക്യമുന്നണി തന്നെ സ്വന്തം പരിപാടി പരസ്യമായി ലംഘിച്ചു ഐക്യമുന്നണിയിൽപ്പെട്ട കക്ഷികൾ തന്നെ മന്ത്രിയുടെ പേരിലുള്ള അഴിമതി ആരോപണത്തെക്കുറിച്ചന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടതാണ് അത് തന്നെ 1967 ൽ കേരളത്തിൽ അധികാരത്തിൽ വന്ന ഇ. എം. എസ്സ്. മന്ത്രിസഭയുടെ പതനത്തിനിടയാക്കിയെന്നു ഓർക്കുക.

ഇതുപോലെ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും അധികാരത്തിൽ വരുന്ന കക്ഷികൾ തങ്ങളുടെ പ്രഖ്യാപിതമായ പരിപാടികളിൽ നിന്നു തെന്നിമാറുന്നതിന്റെ കാരണം നേതാക്കൾക്കു് സ്ഥാനംസ്ഥാപിതാല്പര്യമായിത്തീരുന്നതുകൊണ്ടാണു്. സോഷ്യലിസം സ്ഥാപിച്ച കക്ഷികളുടെ ഭരണത്തിൽ കുത്തകകൾ വളരുന്നു; അവർക്കു് വീണ്ടും വ്യവസായ ലൈസൻസുകൾ നല്കുന്നു. ഭൂപരിഷ്കരണ നിയമങ്ങൾ നടപ്പിലാക്കുമെന്ന പ്രഖ്യാപനം സൗകര്യപൂർവ്വം വിസ്മരിക്കുന്നു. നഗരസ്വത്തിനു പരിധി നിശ്ചയിക്കുമെന്ന വാഗ്ദാനം ജലരേഖയായിത്തീരുന്നു. ഭക്ഷ്യധാന്യം സൂക്ഷിക്കാൻ സ്ഥലമില്ലാത്തതുകൊണ്ടു് കയറ്റുമതി ചെയ്യേണ്ടിവരുമെന്നു പ്രഖ്യാപിച്ച മന്ത്രിമാർ മാസങ്ങൾക്കകം ഭക്ഷ്യധാന്യങ്ങൾ കിട്ടാൻ വിദേശരാജ്യങ്ങൾ തെണ്ടിനടക്കുന്നു. ഭക്ഷണകാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുമെന്നു ഉറപ്പുനൽകിയ മന്ത്രിമാർ റേഷൻപോലും വെട്ടിക്കുറക്കുന്നു. ഇതിന്റെ അർത്ഥം തങ്ങളുടെ വാഗ്ദാനം നിറവേറ്റാനാവശ്യമായ പരിപാടികൾ നടപ്പിലാക്കാൻ അധികാരികൾ സന്നദ്ധരല്ലെന്നാണു്. അധികാരം പരിപാടി നടപ്പിലാക്കുന്നതിനുള്ള ഉപാധിയായിട്ടല്ല ഭരണാധിപന്മാർ കാണുന്നതു്. അധികാരസ്ഥാനം തന്നെ അവരുടെ ലക്ഷ്യമായിത്തീരുന്നു. വാസ്തവത്തിൽ ഇങ്ങനെയുള്ള ഭരണാധികാരികളെയും രാഷ്ട്രീയ നേതാക്കളെയും അധികാരക്കൊതിയന്മാർ എന്നു് ആക്ഷേപിക്കുന്നതു് തെറ്റാണു്. അവർക്കു അധികാരമില്ലെങ്കിലും സ്ഥാനമാണാവശ്യം അവർ അധികാരമോഹികളല്ല, സ്ഥാനമോഹികൾ മാത്രമാണു്.

സ്വന്തം രാഷ്ട്രീയ കക്ഷിയുടെ സംസ്ഥാനകമ്മിറ്റിപ്രസിഡന്റായാലും രാജ്യസഭയിലംഗമായാലും, അതല്ലെങ്കിൽ കപ്പൽനിർമ്മാണകേന്ദ്രത്തിന്റെ ഡയറക്ടർ ബോർഡിലംഗമായാലും ഗവർണ്ണറായാലും കോർപ്പറേഷൻ ചെയർമാനായാലും മേയറായാലും അവർക്കു് സമമാണു്. ഏതെങ്കിലും ഒരു സ്ഥാനം കിട്ടാനാണു് അവരുടെ മത്സരം. സ്ഥാനത്തിരിക്കാൻ, "പറ്റിയ യോഗ്യതയുണ്ടോ എന്നതു" അവർക്കു പ്രശ്നമല്ല. അധികാരം പ്രയോഗിക്കേണ്ട ആവശ്യം അവർക്കില്ല. സ്ഥാനവും പദവിയുമാണവരുടെ ലക്ഷ്യം സ്ഥാനം സംരക്ഷിക്കാൻ അത്തരക്കാരുടെ ഏകപരിപാടിയായിത്തീരുന്നു. ലക്ഷ്യത്തിലെത്താനുള്ള മാർഗ്ഗമാണു് അധികാരത്തിലെത്താൻ

എന്ന് രാഷ്ട്രീയ നേതാക്കൾ വിസ്മരിക്കുന്ന ലക്ഷ്യബോധം എന്നത്തേക്കാളും കൂടുതൽ ആവശ്യമായിരിക്കുന്ന സന്ദർഭത്തിലാണ് പരിവർത്തനവാദികൾ പറയുന്നത്. "അധികാരം ലക്ഷ്യമല്ല മാർഗമാണ്",

രാജ്യത്തിന്റേതായാലും സംഘടനയുടേതായാലും സ്ഥാപനത്തിന്റേതായാലും അധികാരസ്ഥാനത്തെത്തുന്ന ആരും ഒഴിച്ചുകൂടാനാവാത്ത ഒരു പ്രതിജ്ഞ പാലിക്കേണ്ടതാണ്. അധികാരസ്ഥാനത്തെത്തുന്നതിന്റെയും അധികാരപ്രയോഗത്തിന്റെയും കല്പയും ശാസ്ത്രവുമാണ് രാഷ്ട്രീയം. രാഷ്ട്രീയമാണ് സാമൂഹ്യസാമ്പത്തിക വിദ്യാഭ്യാസരംഗത്തെയും പലപ്പോഴും സാംസ്കാരികരംഗത്തെയും നിയന്ത്രിക്കുന്നത്. രാഷ്ട്രീയ രംഗത്തൊഴികെ എല്ലാരംഗത്തും പ്രവർത്തിക്കുന്നവർ സ്വയം വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നവരാണ്. എല്ലാ മുതലാളിത്ത വ്യവസ്ഥിതിയിലും അതു അംഗീകൃത ധർമ്മവുമാണ്. മററുള്ളവരോടു സ്വകാര്യസമ്പാദ്യം ഉപേക്ഷിച്ച് സേവനം ചെയ്യാനാണ് രാഷ്ട്രപ്രവർത്തകൻ ആഹ്വാനം നൽകുന്നത്. സ്വയം സ്വകാര്യസമ്പാദ്യത്തിനു ശ്രമിക്കുന്ന രാഷ്ട്രീയ പ്രവർത്തകനു ഒരിക്കലും മററുള്ളവരിൽനിന്നു, സമ്പാദ്യത്തിനുള്ള ശ്രമമല്ലാതെ സേവനം നേടാനാവുകയില്ല

## സേവനം

അധികാരം കയ്യാളുന്ന രാഷ്ട്രീയക്കാരൻ ജനതയുടെ ആദരവു നേടുന്നതു സ്വയം സമ്പാദ്യത്തിനുവേണ്ടി ശ്രമിക്കാതിരിക്കുമ്പോഴാണ്. വിപ്ലവം പടിക്കലെത്തിക്കഴിഞ്ഞുവെന്നു മററുള്ളവരോടു പറയുകയും സ്വയം ലൈഫ് ഇൻഷുറൻസ് പോളിസിയെടുക്കുകയും ചെയ്യുന്നവർക്കു വിപ്ലവകാരികളെയുണ്ടാക്കാനാവില്ല. സ്വയം സമ്പാദിക്കുകയും മക്കളെ മുതലാളിമാരാക്കാൻ സഹായിക്കുകയും ചെയ്യുന്ന ഭരണാധിപന്മാർക്കു സോഷ്യലിസം സ്ഥാപിക്കാനാവില്ല. പണമുണ്ടാക്കലാണ് ലക്ഷ്യവും പരിപാടിയുമെന്നു പരസ്യമായി സമ്മതിക്കുന്നവരാണ് വ്യവസായികളും വ്യാപാരികളും. സോഷ്യലിസം സ്ഥാപിക്കുന്ന സേവനമാ

ണ് താൻ ചെയ്യുന്നതെന്ന് രാഷ്ട്രീയക്കാരൻ അവകാശപ്പെടുന്നു. അതിനാൽ സമ്പാദ്യമുണ്ടാക്കുന്ന രാഷ്ട്രീയക്കാരൻ സമ്പാദ്യമുണ്ടാക്കുന്ന വ്യാപാരിയെക്കാൾ വഞ്ചകനാണ്—**'രാഷ്ട്രീയം സമ്പാദിക്കാനല്ല, സേവനത്തിനാണ്'**

പരിവർത്തനവാദികൾ ഈ പ്രതിജ്ഞയാണ് രാഷ്ട്രീയക്കാരനിൽ നിന്നു പ്രതീക്ഷിക്കുന്നത്.

മാത്രമല്ല, രാഷ്ട്രീയപ്രവർത്തകൻ തത്വത്തിലും പ്രയോഗത്തിലും യഥാർത്ഥമതേതരത്വം അംഗീകരിച്ചുമതിയാവൂ. മതസൗഹാർദ്ദത്തിന്റെ മിഥ്യാപ്രചരണങ്ങളിൽ പരിവർത്തനവാദികൾ കുടുങ്ങുകയില്ല—മതം ഇന്നും സ്വതന്ത്രചിന്തക്കും വിജ്ഞാനത്തിനും വിലങ്ങുതടിയായിട്ടുണ്ടുതാനും. വിഗ്രഹാരാധനാവിരോധത്തിന്റെ പേരിൽ കൊലപാതകം നടത്തുന്നവരും ഗോവധനിരോധനത്തിന്റെ പേരിൽ കലാപമുണ്ടാക്കുന്നവരും ഇന്നും ഇവിടെയുണ്ട്. അടിസ്ഥാനരഹിതമായ വിശ്വാസങ്ങൾക്കും അർത്ഥശൂന്യമായ ആചാരങ്ങൾക്കും പവിത്രത നൽകിയാണ് മതം ജീവിക്കുന്നത്. ഓരോ മതക്കാരും ജന്മനാ സ്വീകരിക്കുന്ന തങ്ങളുടെ മതത്തിന്റെ വിശുദ്ധിയും പവിത്രതയും അപ്രമാദിത്വവും കല്പിക്കുന്നു. അതിനാൽ എല്ലാമതവും ഒരു സത്യത്തിലേക്ക് നയിക്കുന്നുവെന്ന വാദം പൊള്ളയായ പ്രഖ്യാപനമാണ്. മതങ്ങളുടെ സൗഹാർദ്ദം ഏറിപ്പോയാൽ മതങ്ങളുടെ സഹവർത്തിത്വമേ ആകുകയുള്ളൂ.

മതങ്ങളുടെ സഹവർത്തിത്വം സമാധാനമല്ല, വെടിനിർത്തൽ മാത്രമാണ്. അതാണ് ചരിത്രം. മതങ്ങളുടെ പേരിൽ രാജ്യങ്ങൾ വെട്ടിമുറിക്കപ്പെട്ടിരിക്കുന്നു. നീണ്ടുനിന്ന കുരിശുയുദ്ധങ്ങൾ ഉണ്ടായിരിക്കുന്നു. ചരിത്രത്തെ മുഴുവൻ വർഗ്ഗസംഘട്ടനമായി വ്യാഖ്യാനിക്കുന്നത് അർദ്ധസത്യമേയാകൂ. മതത്തെയും മതസ്വാധീനത്തെയും എതിർക്കുന്നത് കേവലം ബുദ്ധിജീവികളുടെ സിദ്ധാന്തമായി കണക്കാക്കുന്നത് പരിവർത്തനത്തെ തടഞ്ഞുനിർത്തും പ്രത്യേകിച്ച് മതങ്ങളുടെ പേരിൽ കൂടെക്കൂടെ വർഗീയ സംഘട്ടനങ്ങൾ ഇന്നു നടക്കുന്ന ഭാരതത്തിൽ

മാർക്സിസവും സോഷ്യലിസവും അംഗീകരിച്ച

രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ കേരളത്തിൽപ്പോലും വർഗ്ഗീയസംഘട്ടനത്തിൽ മതപരമായി ചേരിതിരിഞ്ഞതായി കണ്ട കഴിഞ്ഞ എല്ലാ കക്ഷിനേതാക്കളും ഇതു് സമ്മതിക്കുന്നുണ്ട്. മതാടിസ്ഥാനത്തിൽ രാഷ്ട്രീയം കൈകാര്യം ചെയ്യുന്നവർക്ക് മറുമതക്കാരുടെ വിശ്വാസം ആർജ്ജിക്കാൻ സാധിക്കുകയില്ലെന്ന് മുസ്ലീംലീഗിന്റെ ചരിത്രം വ്യക്തമാക്കിയിരിക്കുന്നു. മതമഹാത്മ്യമെന്ന കാഴ്ചപ്പാടിന്റെ അനിഷേധ്യമായ തെളിവാണിതു്. മതമേധാവിത്വത്തിൽ നിന്നു വിമുക്തമാകാതെ വർഗ്ഗീയതയിൽ നിന്നു മോചനമില്ല. മതസ്വാധീനത്തെ ചെറുത്തുകൊണ്ടാണ് ഭാരതത്തിലെ സാംസ്കാരിക വിപ്ലവം തുടങ്ങിയതു്. മതേതരത്വം എല്ലാ മതങ്ങളെയും തുല്യമായി ആദരിക്കലും പ്രോത്സാഹിപ്പിക്കലുമല്ല. മതസ്വാധീനം എല്ലാരംഗത്തും ഇല്ലാതാക്കലാണ്. മതങ്ങളുടെ സൗഹാർദ്ദത്തിന്റെയും ഏകത്വത്തിന്റെയും ഏററവും വലിയ പ്രവാചകനായ ഗാന്ധിജി പോലും പരാജയപ്പെട്ടതു് ഈ രംഗത്താണ്. ആയുഷ്ക്കാലം മുഴുവൻ ഹിന്ദു-മുസ്ലീം സൗഹാർദ്ദത്തിനു വേണ്ടി പ്രവർത്തിച്ച മഹാത്മാഗാന്ധിയും സ്വന്തം ജീവൻ ബലികഴിച്ചിട്ടും സൗഹാർദ്ദമുണ്ടാക്കാൻ സാധിച്ചില്ല സഹവർത്തിത്വത്തിനുപോലും സാധിച്ചില്ല. ഭാരതം മതത്തിന്റെ പേരിൽ വെട്ടിമുറിക്കപ്പെട്ടു. ഇന്നും ആ വ്രണമുണങ്ങിയിട്ടില്ല. മതത്തിൽ പററിനിൽക്കുന്നതല്ലാ വർഗീയത—ഇതു് മങ്ങിന്റെ സൃഷ്ടിയാണ്. പതിവ്രതനായവർ സത്യമേഷാക്കു ളയത്തെക്കൊണ്ട മറച്ചുവയ്ക്കാതെ പറയും—"മതഭ്രാന്ത് ഒരുതരം വർഗീയത രോഗലക്ഷണമാണ്.

മതംപേറുന്ന രോഗം വർഗ്ഗീയതമാത്രമാണെന്ന ധാരണ പരിവർത്തനവാദികൾക്കില്ല. ദൈവശാസനങ്ങളുടെ സർവ്വാധിപത്യത്തിന്റെയും സ്വാധീനം രാഷ്ട്രീയ സാമൂഹ്യസാമ്പത്തിക വിദ്യാഭ്യാസരംഗങ്ങളിലെല്ലാം വ്യാപിച്ചിരിക്കുന്നു പണക്കാരെ പൗരോഹിത്യം നൽകുന്ന പരിരക്ഷയും പ്രോത്സാഹനവും സാമ്പത്തികരംഗത്തു് പ്രത്യക്ഷമായിത്തന്നെ കാണാം. മതസാമുദായിക സംഘടനകൾ രാഷ്ട്രീയരംഗത്തു് സൃഷ്ടിക്കുന്ന വർഗ്ഗീയ ചേരിതിരിവുകൾ പ്രകടമാണ്—ഇതുപോലെതന്നെ അപകടകരമായ സ്വാധീനങ്ങൾ ഏറെയുണ്ട്.

## മതേതരത്വം

ഭാരതത്തിലെ ജനതയെ ഒന്നിപ്പിക്കുകയെന്ന മഹത്തായ ലക്ഷ്യ

ട്രീയ കടമനിർവ്വഹിക്കുന്നതിന് മതം സൃഷ്ടിക്കുന്ന ഒരു തടസ്സം മാത്രമാണ് വ്യക്തിനിയമം ഏകീകരിക്കുന്നതിനുള്ള ശ്രമത്തെ മുസ്ലീം ലീഗ് എതിർക്കുന്നതു്. മതേതരത്വത്തിനെ തെറ്റായ വ്യാഖ്യാനം നൽകിക്കൊണ്ട് രാഷ്ട്രീയനേതാക്കൾ ഈ കടമയിൽനിന്നൊഴിഞ്ഞുമാറുന്നു. ഭാരതത്തിലിന്നും വ്യത്യസ്തമതക്കാരായവർക്ക വ്യത്യസ്തവിവാഹ — വിവാഹമോചനനിയമങ്ങളും പിൻതുടർച്ചാവകാശനിയമങ്ങളും കുടുംബനിയമങ്ങളുമാണുള്ളതു്. ജനതയെ ഒന്നിപ്പിക്കുകയെന്ന കർത്തവ്യം നിർവ്വഹിക്കുന്നതിന പ്രതിബന്ധമാണ് ഈ വ്യത്യസ്ത നിയമങ്ങൾ. അവയിൽ പലതും ഒരു മതക്കാരായവരെ പിന്തിരിപ്പൻനിയമങ്ങൾക്ക് പന്താടാൻ വിട്ടുകൊടുക്കുന്നു. വിവിധജാതികളായി തിരിഞ്ഞുകിടന്ന ഹിന്ദുമതത്തെ നവീകരിക്കാനും ഏകീകരിക്കാനും നിയമമുണ്ടാക്കിയ സർക്കാർ മുസ്ലീമുകൾക്കും മററു മതക്കാർക്കും വേണ്ടി അത്തരത്തിലുള്ള നിയമനിർമ്മാണം നടത്താൻ തയ്യാറാകുന്നില്ല. കാരണം,

മതനേതാക്കൾ നവീകരണത്തെ എതിർക്കുന്നു. ഇതിൻെറ ഫലം സാമൂഹിക സാമൂഹ്യപരിഷ്ക്കാരങ്ങൾ പോലും തടയപ്പെടുകയാണ് മുസൽമാനു നാലുസ്ത്രീകളെ ഭാര്യമാരാക്കാൻ ഇന്നും ഇവിടെ നിയമാനുസൃതം സ്വാതന്ത്ര്യമുണ്ട്. എന്നാൽ മററുമതക്കാരെ സംബന്ധിച്ചിടത്തോളം ക്രിമിനൽകുറ്റമാണ് ഈ നടപടി. കുടുംബത്തേയും കുടുംബത്തിന നൽകുന്ന നിർവ്വചനത്തേയും അടിസ്ഥാനമാക്കിയാണ് ഭൂപരിധി നിശ്ചയിക്കുന്ന ഭൂപരിഷ്ക്കരണനിയമങ്ങൾവരെയുണ്ടാകുന്നതു്. ഭാര്യയും കുട്ടികളുമടങ്ങുന്ന കുടുംബവും ഭാര്യമാരും കുട്ടികളുമടങ്ങുന്ന കുടുംബവും വേർതിരിക്കേണ്ടി വരുന്ന സ്ഥിതി ഭാരതത്തിലെ മതേതരത്വത്തിൻെറ വൈചിത്ര്യമാണ് കാണിക്കുന്നതു.

ഈ വൈചിത്ര്യം മുസ്ലീംസ്ത്രീകളോടു കാണിക്കുന്ന വിവേചനമാണ് കൂടുതൽ ക്രൂരം. മതസ്വാധീനത്തിൽ നിന്നു വിമുക്തമായിരിക്കേണ്ട രാഷ്ട്രീയ നേതൃത്വം മതസ്വാതന്ത്ര്യത്തിൻെറപേരിൽ വ്യക്തിനിയമങ്ങൾ ഏകീകരിക്കാതിരിക്കുന്നു. അതിൻെറ ഫലം കോടിക്കണക്കിന ഭാരതസ്ത്രീകൾ മുസ്ലീമുകളായതിൻെറ പേരിൽ പീഡനമനുഭവിക്കുന്നു

സ്ത്രീകളെ നിയമംമൂലംതന്നെ പീഡിപ്പിക്കുന്നതിനു ഇന്നുമുസ്ലീമങ്ങൾക്ക സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. നിയമം തുല്യത നൽകി

ന്നിട്ടും സ്ത്രീകളെ പീഡിപ്പിക്കുന്നതാണ് എല്ലാമതങ്ങളും. സ്ത്രീപതതയും പാപിയുമായി ചിത്രീകരിക്കുകയാണ് മതം ചെയ്തിട്ടുള്ളത്. പാപം ആരംഭിച്ചത് സ്ത്രീയിൽ നിന്നാണെന്നുപോലും മതം പഠിപ്പിക്കുന്നു. ചാരിത്ര്യനിയമം കൊണ്ട് വരിഞ്ഞുകെട്ടി പുരുഷമേധാവിത്വം അരക്കിട്ടുറപ്പിക്കുകയാണ് മതം ചെയ്തിട്ടുള്ളത്. പുരുഷനും സ്ത്രീക്കും വ്യത്യസ്തമായ സദാചാര നിയമങ്ങൾ മതം നിർമ്മിച്ചിരിക്കുന്നു.

## വനിത

സ്ത്രീകളുടെ മോചനം സാമൂഹ്യപരിവർത്തനത്തിന്റെ അടിത്തറയാണ്. സ്ത്രീക്കെതിരായി നടത്തുന്ന ഏതുവിവേചനത്തെയും പരിവർത്തനവാദി ശക്തിയായി എതിർക്കും. സമൂഹത്തിന്റെ നിലനില്പുപോലും സ്ത്രീകളെ ആശ്രയിച്ചിരിക്കുമ്പോൾ സാമൂഹ്യവീക്ഷണമുള്ളവർ സ്ത്രീയെ ആദരിക്കും. പുരുഷന്റെ വിനോദോപകരണമല്ലാ സ്ത്രീ. സ്വത്വം സ്ത്രീയുടെ ജന്മാവകാശമാണ്. പുരുഷനുവേണ്ടി ഭക്ഷണം പാകം ചെയ്യുകയും കുട്ടികളെ നോക്കി വളർത്തുകയും ചെയ്യുന്നതാണ് സ്ത്രീക്കാനന്ദം എന്ന പുരുഷസൂക്തങ്ങളിലും സൂത്രങ്ങളിലും പരിവർത്തനവാദികൾക്ക് വിശ്വാസമില്ല. സമ്പന്നരെന്നും പാവപ്പെട്ടവരെന്നും വ്യത്യാസമില്ലാതെ സ്ത്രീകൾ അടിമപ്പെട്ടിരിക്കുന്നു. പുരുഷന്മാരെപ്പോലെയോ അവരിലധികമോ അദ്ധ്വാനിക്കുന്ന സ്ത്രീതൊഴിലാളികൾക്ക് ഇന്നു കൂലിയിൽപോലും തുല്യതയില്ല. മാത്രമല്ലാ പകലന്തിയോളം അദ്ധ്വാനിക്കുന്ന സ്ത്രീ കൂലിയില്ലാത്ത വീട്ടുവേലകളും ചെയ്യാൻ ശപിക്കപ്പെട്ടിരിക്കുന്നു.

എല്ലാ സ്ത്രീപുരുഷന്മാർക്കും തൊഴിലും സാമ്പത്തികസമത്വവും ഉണ്ടാകുന്നതിന് ആത്മാർത്ഥമായി ശ്രമിക്കുന്ന പരിവർത്തനവാദികൾ സ്ത്രീയോട് അനുകമ്പയല്ലാ ആവശ്യപ്പെടുന്നത്. പുരുഷന്റെ കാഴ്ചക്ക് അലങ്കരിച്ചുവെക്കുന്ന കൗതുകവസ്തുവായി സ്ത്രീയെ ചിത്രീകരിക്കുന്ന സംസ്കാരത്തെ അവർ വെറുക്കുന്നു. കായികാദ്ധ്വാനത്തിലും മാനസികകഴിവുകളിലും ഒരേപോലെ സ്ത്രീക്ക് സമത്വം നൽകാൻ പരിവർത്തനവാദി സന്നദ്ധനാണ്. **"സ്ത്രീക്കു വേണ്ടത് സമത്വമാണ്; പുരുഷമേധാവിത്വമല്ല"**

എല്ലാ മേധാവിത്വങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യമാണ് പരിവർത്തനവാദികളുടെ ലക്ഷ്യം സമൂഹത്തിൽ നിലവിലുള്ള അധികാരശക്തികൾ എപ്പോഴും തങ്ങളുടെ മേധാവിത്വം പുലർത്താൻ പററിയതരത്തിലാണ് വിദ്യാലയങ്ങൾ ഉപയോഗപ്പെടുത്തുന്നതു്. മതവും മുതലാളിത്തവും കുടുംബവും ചേർന്നു വിദ്യാഭ്യാസ രംഗത്തെ സ്വാധീനിക്കുന്നു. ചോദ്യം ചെയ്തു് അറിവുണ്ടാക്കാനല്ല, അനുസരിച്ചു് അംഗീകരിക്കാനാണു് ഇന്നു വിദ്യാഭ്യാസരംഗം ഉപയോഗപ്പെടുത്തുന്നതു്. ആരുടെയും മേധാവിത്വത്തെ ചോദ്യം ചെയ്യാതിരിക്കാനാണ് വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതു്. പക്ഷെ, വിദ്യാലയങ്ങളുടെ ഉദ്ദേശത്തെയും ലക്ഷ്യത്തെയും തന്നെ ആദ്യം പരിവർത്തനവാദി ചോദ്യം ചെയ്യും. പഴയതിനു വേണ്ടി പറഞ്ഞുകൊടുത്തു് പഠിപ്പിക്കാനുള്ളതല്ലാ വിദ്യാലയങ്ങൾ. വിദ്യാലയങ്ങളുടെ സ്വയംഭരണാവകാശം പരിവർത്തനവാദിയെ സംബന്ധിച്ചിടത്തോളം സ്വതന്ത്രമായ വിദ്യാഭ്യാസത്തിനുള്ള യവകാശമാണു്

## അറിയുക

അറിവിനുള്ള അടങ്ങാത്തദാഹം മനുഷ്യപുരോഗതിക്ക് നൽകിയ പങ്കിനെക്കുറിച്ചു് ആയാൾക്ക് ബോധമുണ്ട് അദ്ധ്വാനത്തിലൂടെയും അദ്ധ്യയനത്തിലൂടെയും അറിവുണ്ടാകുന്നതിനു സൗകര്യമുണ്ടായിരിക്കണം. അറിവു് അടിച്ചേൽപ്പിച്ചു് ഉണ്ടാക്കേണ്ടതല്ലാ. അടിച്ചേൽപ്പിക്കുന്നതുകൊണ്ടു് അനുകരണവും ആവർത്തനവും ഉണ്ടാകും. പഠിക്കാനും അറിവുണ്ടാക്കാ

ന്നു അവസരം നൽകുന്ന സ്ഥാപനങ്ങളായിരിക്കണം വിദ്യാലയങ്ങൾ. പഠിപ്പിച്ച് അനുസരിക്കാൻ പ്രേരിപ്പിക്കുന്ന ശിക്ഷണകേന്ദ്രങ്ങളായിരിക്കരുത്. അതുകൊണ്ട് പരിവർത്തനവാദി പറയുന്നു. 'പഠിക്കാനാണ് കലാശാല പഠിപ്പിക്കാനല്ല.

ചോദ്യം ചെയ്യാനുള്ള അവകാശം വിദ്യാലയമുറ്റത്തുമാത്രം ഒതുങ്ങിനിൽക്കേണ്ടതല്ല. സ്വാർത്ഥലാഭത്തിനുവേണ്ടിയുള്ള ഏതുതരം മേധാവിത്വത്തെയും എല്ലാരംഗത്തും ചോദ്യംചെയ്യേണ്ടിയിരിക്കുന്നു കക്ഷിയുടെ താല്പര്യം രാജ്യത്തിന്റെ താല്പര്യമായും നേതാവിന്റെ താൽപര്യം കക്ഷിയുടെ താൽപര്യമായും ചിത്രീകരിക്കുവാൻ പരിവത്തനവാദിയനുവദിക്കുകയില്ല. ലക്ഷ്യത്തിലേക്ക് കുതിച്ചെത്താനാണ് അയാളുടെ വെമ്പൽ സർവ്വകലാശാലയും സൈനികശക്തിയും വാർത്താവിനിമയോപാധികളും വ്യവസായശാലകളും നീതിന്യായക്കോടതികളും നിയമനിർമ്മാണസഭയും ഭരണകൂടവും രാഷ്ട്രീയകക്ഷികളും യഥാസ്ഥിതികത്വത്തിന്റെ പരിരക്ഷകരായിരിക്കുന്നു. അടിമത്വമാണ് ഇതിന്റെ ഫലം. ഇവയെല്ലാക്കെ സമൂലപരിവത്തനമുണ്ടായെ തീരൂ. ആ പരിവത്തനം വഴിയാണ് ജനാധിപത്യ സോഷ്യലിസ്റ്റ് വ്യവസ്ഥിതി കെട്ടിപ്പെടുക്കേണ്ടത്. എല്ലാ സ്ത്രീപുരുഷന്മാർക്കും തൊഴിലും, ജീവിതസൗകര്യങ്ങളിലും വരുമാനത്തിലും സമത്വവും ഉറപ്പുനൽകിക്കൊണ്ട് കായികവും മാനസികവുമായ മേധാവിത്വങ്ങളിൽ നിന്നു വിമുക്തമായ, അദ്ധ്വാനത്തിലൂടെ സൃഷ്ടിക്കുന്ന സമൂഹത്തിലാണ് മനുഷ്യൻ സ്വതന്ത്രനാകുന്നത്. അതാണ് പരിവത്തനവാദികളുടെ ലക്ഷ്യം

ലക്ഷ്യത്തോട് അടുപ്പിക്കുന്ന പ്രവത്തനമാണ് അ

യാളെ സംബന്ധിച്ച് അച്ചടക്കം. ലക്ഷ്യത്തിൽ നിന്നു അകലുന്നവർ അച്ചടക്കലംഘകരാണ്. അച്ചടക്കം അനുസരണയല്ല, ആശ്രിതത്വമല്ല. പ്രഖ്യാപിതമായ ലക്ഷ്യത്തിൽ നിന്നു അകലുന്ന കക്ഷിയേയും നേതാവിനേയും ചോദ്യം ചെയ്യാതെ അനുസരിക്കണമെന്നു വാദിക്കുന്നവർ അച്ചടക്കമല്ലാ ആവശ്യപ്പെടുന്നതു്. അടിമത്തമാണ്. താൻ എന്തിനുവേണ്ടി പ്രവർത്തിക്കുന്നുവെന്നറിയാൻ ഓരോ മനുഷ്യനും മൗലികാവകാശമുണ്ടെന്നു പരിവർത്തനവാദി പ്രഖ്യാപിക്കുന്നു. അതുകൊണ്ടാണ് അയാൾ പറയുന്നതു്. 'അച്ചടക്കം അടിമത്തമല്ല,

ലക്ഷ്യത്തിനു വേണ്ടി സ്ഥാനമാനങ്ങൾ ഉപേക്ഷിക്കുന്ന നേതാവിനു മാത്രമേ കൂട്ടായ പ്രവർത്തനത്തെ നയിക്കാനാവൂ നേതൃസ്ഥാനത്തുള്ളവരെല്ലാം നേതാക്കളല്ല. ആദർശങ്ങളിലും ആശയങ്ങളിലും ഉറച്ചു നില്ക്കുന്ന ലക്ഷ്യബോധമുള്ള നേതാവിന്റെ കീഴിൽ അർപ്പണബോധമുള്ള കൂട്ടായ പ്രവർത്തനംകൊണ്ടേ പരിവർത്തനം സാദ്ധ്യമാകൂ ആശയങ്ങളും അർപ്പണബോധവും അലിഞ്ഞു പോകുന്നവരെ മാത്രമേ പരിവർത്തനവാദി നേതാവായി അംഗീകരിക്കൂ.

**ശ്രീം. എ. ജോൺ നമ്മെ നയിക്കും.**

EMPEES PRESS, COCHIN-11